കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ജൂലൈ 2020 വാല്യം 59 ലക്കം 7




Scan me

*My Lord My God*

(St. John 20: 28)

## ആശംസകളോടെ ...



മ്ശംശാന



ഹെവ്പ്പദ്യാക്ക്ന



കാറോയ



വൈദികവസ്ത്രം സ്വീകരിച്ചവർ

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ജൂലൈ 2020 വാല്യം 59 ലക്കം 7

## ഉള്ളടക്കം


5 വന്ദ്യവൈദികർക്ക് നന്ദിപൂർവ്വം

7 ഇടയലേഖനം

14 രൂപതക്കച്ചേരി

17 മൈനർ സെമിനാരി

18 Care A Family

19 വിജ്ഞാനഭവൻ

21 സോഷ്യൽ സർവീസ്

24 ചെറുപുഷ്പ മിഷൻലീഗ്

26 കെ. സി. എസ്. എൽ.

28 മാതൃവേദി

30 യുവദീപ്തി

31 കത്തോലിക്കാ കോൺഗ്രസ്

33 അല്മായ ഫ്രാൻസിസ്കൻ സഭ

33 കേരള ലേബർ മൂവ്മെന്റ്

34 തിരുനാൾ മംഗളങ്ങൾ

34 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം






**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE PULLOPPILLIL

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

# പള്ളിയിൽ അറിയിക്കുവാൻ

## ജൂലൈ


Page 5 വന്ദ്യവൈദികർക്ക് നന്ദിപൂർവ്വം

Page 7 ഇടയലേഖനം

Page 16 ജൂബിലി സ്മാരക സ്കോളർഷിപ്പ്


## തിരുനാളുകൾ



**3**
മാർ തോമ്മാശ്ലീഹാ
യുടെ ദുക്റാന
തിരുനാൾ



**11**
വി. ബനഡിക്ട്



**15**
വി. കുര്യാക്കോസും
വി. ജൂലിറ്റായും



**16**
കർമ്മല മാതാവ്



**22**
വി. മഗ്ദലേന മറിയം



**25**
വി. യാക്കോബ്
ശ്ലീഹാ




**26**
വി. യോവാക്കിമും
വി. അന്നായും



**28**
വി. അൽഫോൻസ




**31**
വി. ഇഗ്നേഷ്യസ്
ലയോള

123Freevectors.com

# വന്ദ്യവൈദികർക്ക് നന്ദിപൂർവ്വം

അഞ്ച് പതിറ്റാണ്ടും അതിലേറെയും സ്തുത്യർഹമായ പൗരോഹിത്യശുശ്രൂഷയ്ക്കുശേഷം സജീവമായ സേവനരംഗത്ത് നിന്ന് വിരമിക്കുന്ന ബഹുമാനപ്പെട്ട അച്ചന്മാർക്ക് രൂപതാകുടുംബത്തിന്റെ നന്ദിയും കടപ്പാടും സ്നേഹപൂർവം അറിയിക്കുന്നു. ഈ വർഷം അജപാലനശുശ്രൂഷയിൽ നിന്നും വിരമിക്കുന്ന മോൺ. ജോർജ് ഓലിയപ്പുറം, ഫാ. ജോസഫ് അടപ്പൂർ, ഫാ. ഫ്രാൻസിസ് അത്തിക്കൽ, ഫാ. ജോൺ ഇളഞ്ഞേടത്ത്, ഫാ. ജോസഫ് നെല്ലിക്കുന്നേൽ, ഫാ. ജോർജ് നിരപ്പത്ത്, ഫാ. ജോസഫ് പറയന്നിലം, ഫാ. ജെയിംസ് വടക്കേൽ, ഫാ. ജോസ് വേങ്ങൂരാൻ എന്നിവർ തങ്ങളെ ഏല്പിച്ച ദൈവജനത്തിന്റെ ആത്മീയവും, ഭൗതികവുമായ ആവശ്യങ്ങളിൽ സവിശേഷമായ ശ്രദ്ധയും കരുതലും പുലർത്തി നിസ്വാർത്ഥതയോടെ പൗരോഹിത്യത്തിന്റെ മഹനീയത ലോകത്തിന് മുമ്പിൽ വെളിപ്പെടുത്തിയവരാണ്.

സജീവശുശ്രൂഷയിൽ നിന്ന് വിരമിക്കുന്ന ബഹുമാനപ്പെട്ട അച്ചന്മാർ പൗരോഹിത്യസ്വീകരണത്തിന്റെ ആദ്യനാൾ മുതൽ തീർത്തും പരിമിതമായ സാഹചര്യങ്ങളിലും സൗകര്യങ്ങളിലും ജീവിച്ചവരാണ്. അവിഭക്ത കോതമംഗലം രൂപതയുടെ ഹൈറേഞ്ച് പ്രദേശത്തെ ദൈവജനത്തെ ഹൃദയത്തോട് ചേർത്ത് ശുശ്രൂഷകളെ ഏകോപിപ്പിക്കാൻ ഇവർക്ക് സാധിച്ചിട്ടുണ്ട്. കുടിയേറ്റ ജനതയുടെ ആത്മീയകാര്യങ്ങൾ മുടക്കം കൂടാതെ നിർവഹിക്കപ്പെടാനായി കിലോമീറ്ററുകളോളം നടന്ന് യാത്ര ചെയ്തതും ദൈവാലയങ്ങൾ നിർമ്മിക്കാൻ കൈമെയ്യ് മറന്ന് ധീരമായ നേതൃത്വം നൽകിയതും മറക്കാനാകാത്ത ഓർമ്മകളാണ്.

ആത്മീയകാര്യങ്ങളിലെ അടുക്കും ചിട്ടയും തീക്ഷ്ണതയും ജീവിതത്തിൽ സൂക്ഷിക്കുന്നതോടൊപ്പം തന്നെ നാടിന്റെ സമഗ്രവികസനത്തിനും നാനാജാതി മതസ്ഥരായ ആളുകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി ഇവർ നൽകിയ ശക്തവും ധീരവുമായ നേതൃത്വം കാല

മെത്ര കടന്നുപോയാലും ജനഹൃദയങ്ങളിലുണ്ടാകും. സ്കൂളുകൾ സ്ഥാപിക്കാനും, റോഡ് സൗകര്യങ്ങൾ ഒരുക്കാനും, സർക്കാർ ഓഫീസുകളും സേവനങ്ങളും ലഭ്യമാക്കാനും ഈ വൈദികരുടെ നിസ്തുലമായ നേതൃത്വം പ്രധാനപ്പെട്ടതായിരുന്നു. അരനൂറ്റാണ്ട് കാലത്തെ ഒരു പ്രദേശത്തിന്റെ ചരിത്രം ഈ അച്ചന്മാരുടെ ത്യാഗനിർഭരമായ ജീവിത ചരിത്രം കൂടിയായി മാറുന്നത് പുതിയ തലമുറയ്ക്ക് അഭിമാനകരമായ നല്ല മാതൃകയാണ്.

സജീവശുശ്രൂഷയിൽ നിന്നും വിരമിക്കുന്നുവെങ്കിലും ആവശ്യഘട്ടങ്ങളിൽ ആത്മീയവും അജപാലനപരവുമായ സഹായങ്ങൾക്ക് ഇവർ തയ്യാറാണ് എന്നത് അത്യന്തം സന്തോഷകരമാണ്. നീണ്ട വർഷങ്ങളുടെ അനുഭവസമ്പത്തും മുതിർന്ന തലമുറയുടെ ആത്മീയ ഊർജ്ജവും നമ്മുടെ രൂപതയ്ക്ക് തുടർന്നും ബലവും കരുത്തുമാകും. അമ്പത് വർഷത്തിലേറെയുള്ള തിരക്കേറിയ അജപാലനശുശ്രൂഷയിൽ നിന്നു മാറി തുടർന്നുള്ള കാലം വിശ്രമത്തിനും, പ്രാർത്ഥനയ്ക്കും, വായനയ്ക്കും പ്രയോജനപ്പെടുത്താൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

കോതമംഗലം, ഇടുക്കി രൂപതകളിലെ വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലുമായി പൗരോഹിത്യത്തിന്റെ നന്മയും സന്തോഷവും അനേകായിരങ്ങൾക്ക് പകർന്നുകൊടുത്ത് സുവിശേഷത്തിലെ ഈശോയ്ക്ക് അരനൂറ്റാണ്ട് കാലം സജീവസാക്ഷ്യമായി ജീവിച്ച് നല്ല മാതൃക നൽകി സജീവ ശുശ്രൂഷാരംഗത്തുനിന്ന് വിരമിക്കുന്ന പ്രിയപ്പെട്ട അച്ചന്മാരെ, കോതമംഗലം രൂപതയിലെ വൈദികരുടെയും ദൈവജനത്തിന്റെയും പേരിലുള്ള നന്ദിയും കടപ്പാടും നിങ്ങളെ അറിയിക്കുന്നു. ആയുസ്സും ആരോഗ്യവും നൽകി ദൈവം കാത്തുപാലിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അനുഗ്രഹദായകവും പ്രാർത്ഥനാനിർഭരവുമായ വിശ്രമകാലം ആശംസിക്കുന്നു.

സ്നേഹപൂർവം

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

Prot. No. 0714/2020

# ഇടയലേഖനം

**സഭാദിനം ജൂലൈ 3, 2020**

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!**

**ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,**

മാർതോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ദിനമായ ജൂലൈ മൂന്ന് ഒരിക്കൽ കൂടി സമാഗതമാകുന്നു. ഈ ദിവസം നാം സീറോ മലബാർ സഭാദിനമായും ആഘോഷിക്കുകയാണല്ലോ. ദുക്റാന തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന്റെ തിരുനാളാണ്. വിശ്വാസത്തിന്റെ കൈമാറ്റം വഴിയാണ് നാം മാർതോമാശ്ലീഹായോട് ബന്ധപ്പെട്ടിരിക്കുന്നതും അദ്ദേഹത്തെ നമ്മുടെ പിതാവായി മഹത്വപ്പെടുത്തുന്നതും. ഉത്ഥിതനായ ഈശോയുടെ തിരുവിലാവ് ദർശിച്ച തോമാശ്ലീഹായുടെ 'എന്റെ കർത്താവേ, എന്റെ ദൈവമേ' (മാറ് വാലാഹ്) എന്ന ഉദീരണം സുവിശേഷങ്ങളിൽ ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനമായി നിലകൊള്ളുന്നു. 'കർത്താവേ,' 'ദൈവമേ' എന്ന രണ്ടു വിളികളും ഈശോയുടെ ദൈവത്വത്തെ സൂചിപ്പിക്കുന്നവയാണ്. മനുഷ്യനായി ജീവിച്ചു മരിച്ച് ഉത്ഥാനം ചെയ്ത ഈശോ ദൈവവുമാണ് എന്ന പ്രഖ്യാപനമാണ് തോമാശ്ലീഹ നടത്തിയത്. ഇതിനു സമാനമായ വി. പത്രോസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം, 'നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു' എന്നതായിരുന്നു. പത്രോസിന്റെ ഈ പ്രഖ്യാപനം കർത്താവിന്റെ പരസ്യജീവിതത്തിന്റെ മധ്യത്തിലായിരുന്നു; തോമാശ്ലീഹായുടേത് ഈശോയുടെ ഉത്ഥാനത്തിനു ശേഷവും. ഉത്ഥാനശേഷം വി. പത്രോസ് നടത്തിയത് ഈശോയോടുള്ള സ്നേഹത്തിന്റെ പ്രഖ്യാപനമായിരുന്നു. ഈ സ്നേഹ പ്രഖ്യാപനത്തിൽ ഉത്ഥിതനായ മിശിഹായിലുള്ള വി. പത്രോസിന്റെ പൂർണമായ വിശ്വാസസമർപ്പണവും ഉൾക്കൊണ്ടിരുന്നു. വിശ്വാസത്തിന്റെ സഫലീകരണമാണ് സ്നേഹം. സ്നേഹത്തിലൂടെ പ്രവർത്തനനിര

തമാകുന്ന വിശ്വാസമാണു നമ്മെ രക്ഷിക്കുന്നതെന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. തോമാശ്ലീഹായിലൂടെ കൈമാറിക്കിട്ടിയ വിശ്വാസം സ്നേഹത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ സാക്ഷ്യപ്പെടുത്തുന്ന ഒരു സമൂഹമാണ് നമ്മുടേത്. കൊറോണ ബാധയുടെ ഈ കാലത്ത് അതു കൂടുതൽ സജീവമാക്കുവാൻ ദൈവം നമുക്ക് അവസരം നൽകിയിരിക്കുന്നു.

## ജീവിത നവീകരണം

കൊറോണക്കാലം പല ജീവിതനവീകരണ സാധ്യതകളും നമുക്ക് തുറന്നു നൽകിയിട്ടുണ്ട്. കാലങ്ങളായി സഭ ചിന്തിച്ചുകൊണ്ടിരുന്നതും പല തലങ്ങളിൽ നിന്നും ഉന്നയിക്കപ്പെട്ടിരുന്നതുമായ ജീവിത ലാളിത്യം സ്വീകരിക്കുവാനുള്ള ആവശ്യബോധം ഇന്ന് നമുക്കുണ്ടാകുന്നു. ഈ വർഷവും അടുത്ത വർഷങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം എല്ലാ തലങ്ങളിലും ചെലവു ചുരുക്കലിന്റെ കാലമായിരിക്കണം. ധൂർത്തും ആർഭാടവും നമ്മുടെ ജീവിതശൈലിയിൽനിന്ന് അകലണം. ഉടനേ പുതിയ നിർമ്മാണപദ്ധതികൾ ആസൂത്രണം ചെയ്യാതിരിക്കണം. ഇടവകകളും സ്ഥാപനങ്ങളും തുടങ്ങിവച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സാവകാശം പൂർത്തിയാക്കിയാൽ മതി എന്ന സംയമന മനോഭാവം നമുക്കുണ്ടാകണം. നിർബന്ധിത പണപ്പിരിവുകൾ നടത്താതിരിക്കാൻ നമുക്കു തീരുമാനമെടുക്കാം. ഒരുവിധ സമ്മർദ്ദവുമില്ലാതെ ജനങ്ങൾ സ്വമേധയാ നൽകുന്ന നേർച്ചകളും സംഭാവനകളും മാത്രം വിനിയോഗിച്ചുകൊണ്ട് സഭാകൂട്ടായ്മയുടെ ആവശ്യങ്ങൾ നമുക്കു നിർവഹിക്കാം. സഭാശുശ്രൂഷകളുടെയും ധ്യാനപ്രസംഗങ്ങളുടെയും തിരുനാളുകളുടെയും ലക്ഷ്യം ധനസമ്പാദനമാണ് എന്ന തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പരസ്യങ്ങളും ആഘോഷങ്ങളും നമുക്കു നിറുത്തലാക്കാം. വ്യക്തിപരമായ നേട്ടങ്ങൾക്കും പ്രശസ്തിക്കും വേണ്ടി നിർമ്മാണങ്ങളും പരിപാടികളും ആസൂത്രണം ചെയ്യുന്നത് ഉചിതമല്ല. സഭയിലെ ആവശ്യങ്ങളുടെ നിർവഹണം സഭാമക്കളുടെ കൂട്ടായ്മയുടെ പൊതുവായ ആത്മീയചിന്തയിൽനിന്ന് ഉയിർകൊള്ളുന്നതാകട്ടെ.

വ്യക്തികളും സഭാസംവിധാനങ്ങളും ആവശ്യത്തിൽകവിഞ്ഞ സമ്പത്ത് സ്വരുക്കൂട്ടിവയ്ക്കുന്ന പ്രവണത ഉപേക്ഷിക്കണം. ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ സഭയുടെ മുഖം ദരിദ്രമാകട്ടെ. സഭ പാവപ്പെട്ടവരുടേതാകട്ടെ. സഭയുടെ സമ്പത്ത് ദൈവജനമാണ്. സഭയുടെ അത്യാവശ്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി യഥാസമയം വേണ്ട

ത് നൽകുവാൻ തക്ക വിശ്വാസതീക്ഷ്ണത നമ്മുടെ സഭാമക്കൾക്കുണ്ട്. സഭ തങ്ങളുടേതാണെന്നും തങ്ങളാണ് സഭയെന്നും സഭാശുശ്രൂഷകരുടെ ന്യായമായ ആവശ്യങ്ങൾ നിർവഹിക്കുവാൻ തങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്നും നമ്മുടെ ജനം മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയുടെ ശൈലി സഭയിൽ സംജാതമാകട്ടെ. ദൈവസ്നേഹ പ്രേരിതമായ കാരുണ്യപ്രവർത്തനങ്ങളായിരിക്കണം സഭയുടെ മുഖമുദ്ര. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യക്ഷേമം എന്നീ മേഖലകളിലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കാരുണ്യസ്പർശം കൊണ്ട് ഉത്തമ ക്രൈസ്തവ സാക്ഷ്യങ്ങളായിത്തീരട്ടെ. കോവിഡുകാലത്ത് ഇടവകകളും സ്ഥാപനങ്ങളും രൂപതകളുടെ സാമൂഹ്യക്ഷേമ വിഭാഗങ്ങളും മറ്റ് സംഘടനകളും ചെയ്യുന്ന നിസ്തുലമായ സേവനങ്ങൾക്ക് ഞാൻ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

## കൊറോണക്കാലത്തെ ആരാധനാകർമ്മങ്ങൾ

2020 കോവിഡുവർഷമായി ലോകചരിത്രത്തിൽ അറിയപ്പെടുമെന്ന് തോന്നുന്നു. ഈ വർഷാവസാനംവരെയെങ്കിലും കൊറോണ വൈറസിന്റെ ആക്രമണം ലോകജനതയ്ക്കു നേരിടേണ്ടിവരും. അതിനാൽ രോഗത്തിന്റെ സമൂഹവ്യാപനം ഏതുവിധേനയും തടയേണ്ടത് മനുഷ്യവംശത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. ഈ ഉത്തരവാദിത്വബോധം എല്ലാവരിലുമുണ്ടാകുവാൻ നാം കഠിനമായി പരിശ്രമിക്കണം. മനുഷ്യജീവിതത്തെ സാധാരണഗതിയിലാക്കിക്കൊണ്ടുതന്നെ രോഗനിയന്ത്രണം സാധിക്കുക എന്ന നയമാണ് ഈ രണ്ടാം ഘട്ടത്തിൽ രാജ്യങ്ങളെല്ലാം സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ രാജ്യവും ഇതേ സമീപനമാണല്ലോ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ, ലോക്ഡൗണിൽ ഇളവുകൾ ക്രമാനുഗതമായി നൽകപ്പെടുന്നു. വ്യാപാരസ്ഥാപനങ്ങൾ, ഫാക്ടറികൾ, സർക്കാർ ഓഫീസുകൾ മുതലായവ ഏതാണ്ട് പൂർണ്ണതോതിൽ തുറന്നു പ്രവർത്തിക്കുവാൻ ആരംഭിച്ചു. സ്വകാര്യ വാഹനഗതാഗതം ഏറെക്കുറെ പൂർണ്ണതോതിൽ ആയി. നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണമില്ല. ജൂൺ 09 മുതൽ ആരാധനാലയങ്ങൾ തുറന്ന് പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നതിന് അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ, ഇളവുകളെല്ലാം അനുവദിക്കുമ്പോഴും രോഗവ്യാപനം തടയുന്നതിനുള്ള കർശനമായ നിബന്ധനകളും സർക്കാരുകൾ നൽകുന്നുണ്ട്. സഭാമക്കളായ നാമെല്ലാവരും അവയെല്ലാം

കണിശമായി പാലിച്ച് രാജ്യത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധരാകണം.

ദൈവാലയത്തിലെ കർമ്മങ്ങൾക്ക് അനുമതി ലഭിച്ചുവെന്നതിന്റെ പേരിൽ എല്ലാവരും എപ്പോഴും ആരാധനാകർമ്മങ്ങളിൽ സംബന്ധിക്കുവാൻ തിടുക്കം കൂട്ടുന്നത് ഈ സാഹചര്യത്തിൽ ശരിയാകില്ല. ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്ന ദൈവാലയങ്ങൾക്ക് നിബന്ധനകൾ പാലിച്ചുകൊണ്ട് അതേരീതി തുടരാം. ഇതുവരെയും ആരാധനാശുശ്രൂഷകൾ പുനരാരംഭിക്കാത്ത ദൈവാലയങ്ങളിൽ അവ തുടങ്ങുമ്പോഴും രോഗ വ്യാപനനിയന്ത്രണത്തിനുവേണ്ട മുൻകരുതലുകൾ എടുത്തേ തീരൂ. ഈ വിഷയത്തിൽ നമുക്ക് യാതൊരുവിധ ഉദാസീനതയും ഉണ്ടാകരുത്. രോഗവ്യാപനത്തിന്റെ പുതിയ സാധ്യതകൾ എവിടെയെങ്കിലുമുണ്ടെന്നറിഞ്ഞാൽ, ആരാധനാലയങ്ങൾ വീണ്ടും അടച്ചുകൊണ്ട് വൈദികരും ജനങ്ങളും ഉത്തരവാദിത്വബോധത്തോടെ പ്രതികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പൊതുസമൂഹം സാധാരണ ജീവിത ശൈലിയിലേയ്ക്ക് വരുന്നതോടൊപ്പം സഭാമക്കളുടെ കൗദാശികജീവിതം ക്രമേണ സാധാരണഗതിയിലേയ്ക്ക് വരണമെന്നതാണ് നമ്മുടെ ലക്ഷ്യം.

## ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ

ആത്മീയതയ്ക്കു വിരുദ്ധമായി നമ്മുടെ ജീവിതത്തിൽ കടന്നുകൂടിയ സമീപനങ്ങളെയും പ്രവർത്തനങ്ങളെയും ഉപേക്ഷിച്ചു സംശുദ്ധമായ ക്രൈസ്തവസാക്ഷ്യം നൽകുവാൻ കോവിഡുകാലത്തിന്റെ അനുഭവം നമ്മെ കൂടുതൽ പ്രേരിപ്പിക്കണം. സഭയിൽ നേതൃത്വ ശുശ്രൂഷയിലുള്ള വൈദികരും സമർപ്പിതരും അല്മായരും ശരിയായ ക്രൈസ്തവസാക്ഷ്യം നൽകുന്നതിൽ ദത്തശ്രദ്ധരായിരിക്കണം. ലോക്ഡൗൺ കാലത്ത് വീടുകളിൽ കഴിഞ്ഞിരുന്നതുകൊണ്ട് കൂടുതൽ വ്യക്തിപരമായി പ്രാർത്ഥിക്കുവാനും കുടുംബപ്രാർത്ഥന ക്രമമായി ചൊല്ലുവാനും ഏവർക്കും സാധിച്ചുവല്ലോ. ഓൺലൈൻ കുർബാനയർപ്പണങ്ങളിലും ഭക്തിപൂർവ്വം സംബന്ധിക്കുവാൻ സാധിച്ചു. ഈ പ്രാർത്ഥനാനുഭവത്തോടൊപ്പം കുട്ടികളുടെ വിശ്വാസപരിശീലനവും ഓൺലൈനിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. മുതിർന്നവർക്കും വിശ്വാസവിഷയങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാകുന്നതിന് ഈ അവസരത്തെ പ്രയോജനപ്പെടുത്താവുന്നതാണ്.

വിശ്വാസജീവിതത്തിന് നിരക്കാത്ത എല്ലാ പ്രവണതകളെയും നമ്മിൽ നിന്ന് അകറ്റുവാൻ പരിശ്രമിക്കാം. മദ്യപാനം, ലഹരിമരുന്നു

കളുടെ ഉപയോഗം, മനുഷ്യജീവന് എതിരെയുള്ള അക്രമങ്ങൾ, സാമൂഹ്യമാധ്യമങ്ങളിലൂടെയും അല്ലാതെയും മറ്റുള്ളവരുടെ സ്വകാര്യതയ്ക്കെതിരെയുള്ള കടന്നുകയറ്റം, ഇതരർക്ക് അപകീർത്തി വരുത്തുന്ന പ്രചരണങ്ങൾ, ലൈംഗികതയുടെ എല്ലാത്തരത്തിലുമുള്ള ദുരുപയോഗം മുതലായ തിന്മകൾക്കു വിധേയരാകാതിരിക്കാൻ നാം ജാഗ്രത പാലിക്കണം. നന്മയിൽ കൂടുതൽ വളരുന്നതുവഴിയാണ് തിന്മയെ അതിജീവിക്കുവാൻ സാധിക്കുന്നത്. സംശുദ്ധമായ സ്നേഹവും കാരുണ്യവും നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും വളർത്തിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം. ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളെ കഴിയുന്നിടത്തോളം സഹായിക്കാം. പ്രവാസികൾ ഇപ്പോഴും നാട്ടിലേയ്ക്ക് തിരിച്ചു വന്നുകൊണ്ടിരിക്കുകയാണല്ലോ. അവർക്ക് ആവശ്യകമായ സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുവാൻ സർക്കാരിനോടൊപ്പം നാം സന്നദ്ധരാകണം. പ്രവാസികളുടെ മക്കൾക്ക് ആവശ്യകമായ സ്കൂൾ-കലാലയ വിദ്യാഭ്യാസ സൗകര്യങ്ങൾ കഴിവതും ഏർപ്പെടുത്തിക്കൊടുക്കുവാൻ സഭാസ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

വംശീയ വിവേചനം ഇന്ന് സമൂഹത്തിൽ ഭിന്നതകൾ സൃഷ്ടിക്കുന്നുണ്ട്. എക്കാലത്തുമുണ്ടായിരുന്ന ഈ പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കണ്ടെത്താൻ ലോകരാഷ്ട്രങ്ങൾക്കു സാധിച്ചിരുന്നതാണ്. എന്നാൽ അടുത്ത കാലത്ത് അതു വീണ്ടും പലപല രീതികളിൽ രംഗപ്രവേശം ചെയ്യുന്നതായിട്ട് കാണുന്നു. മനുഷ്യത്വത്തിന് നിരക്കാത്ത ഈ തിന്മയെ പൂർണ്ണമായും ഇല്ലായ്മ ചെയ്യേണ്ടത് ലോകജനതയുടെ സംസ്കാരികോന്നമനത്തിന് ആവശ്യകമാണ്. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം വംശീയ വിവേചനം നമ്മുടെ വിശ്വാസത്തിന് കടകവിരുദ്ധമാണ്. യഹൂദരെയും ഗ്രീക്കുകാരെയും സമറിയാക്കാരെയുമെല്ലാം ദേശീയ, വംശീയ വ്യത്യാസങ്ങൾ ഒന്നും കൂടാതെ ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരീസഹോദരന്മാരായി കണ്ടാണ് ഈശോ ജീവിച്ചതും പ്രസംഗിച്ചതും പഠിപ്പിച്ചതും. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, ഈശോമിശിഹായിൽ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല (ഗലാ. 3:28). അതിനാൽ, നമ്മിൽ നിന്ന് വംശീയ വിവേചനത്തിന്റെ ചിന്തകളോ സംസാരമോ പ്രവൃത്തികളോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധചെലുത്തണം. എല്ലാ മനുഷ്യരെയും

സഹോദരീസഹോദരന്മാരായി കണ്ട്, സഭയിലും സമൂഹത്തിലും കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു സംസ്കാരം നാം വളർത്തിയെടുക്കണം.

ക്രിസ്തീയ ആദ്ധ്യാത്മികതയുടെ സാമൂഹികമാനങ്ങളെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. കൊറോണക്കാലത്തും അതിനുശേഷം വരുന്ന വർഷങ്ങളിലും നാം ഉൽപ്പാദകരാകണം. വ്യക്തിപരമായും കുടുംബങ്ങളായും സമൂഹമായും നമ്മളാൽ കഴിയുംവിധം രാജ്യത്തിന്റെ സമ്പദ്ഘടനയെ പരിരക്ഷിക്കുവാൻ പരിശ്രമിക്കണം. കൃഷിയാണ് പ്രഥമത പരിഗണനയർഹിക്കുന്നത്. വ്യക്തികളുടെയോ ഇടവകകളുടെയോ സ്ഥാപനങ്ങളുടെയോ രൂപതകളുടെയോ കൈവശമുള്ള എല്ലാ സ്ഥലങ്ങളിലും കൃഷി ചെയ്യണം. ഒരിഞ്ചു കൃഷിഭൂമി പോലും തരിശായി കിടക്കാൻ ഇടയാകരുത്. വൈദികർ ഉൾപ്പെടെ ദൈവജനം മുഴുവനും കൃഷിപ്പണികൾക്കായി കുറെ സമയം കണ്ടെത്തണം. ഐക്യരാഷ്ട്ര സംഘടനയുടെ മുന്നറിയിപ്പു പ്രകാരം കഴിഞ്ഞ 50 വർഷങ്ങളിൽ അനുഭവപ്പെട്ടതിലും വലിയ ഒരു ക്ഷാമം ലോകം നേരിടാൻ പോവുകയാണ്. കേരളത്തിൽ ഉല്പാദിപ്പിക്കുന്നവകൊണ്ടുതന്നെ നമുക്ക് ഭക്ഷിക്കാൻ വേണ്ടവ ലഭിക്കുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഫ്ളാറ്റുകളിലും മറ്റും താമസിക്കുന്നവർക്കുപോലും ഗ്രോബാഗുകളിലും ടെറസുകളിലും കൃഷി ചെയ്യാവുന്നതാണല്ലോ. ഇടവകകളുടെയും അയൽക്കൂട്ടങ്ങളുടെയും നേതൃത്വത്തിൽ വിപണികൾ തുറന്ന് കാർഷികവിളകൾ ന്യായവിലയ്ക്കു എല്ലാവർക്കും ലഭ്യമാക്കുവാൻ പരിശ്രമിക്കുന്നത് കൃഷിക്കാരുടെ അഭിവൃദ്ധിക്ക് ഉപകരിക്കും. നാണ്യവിളകളെ സംബന്ധിച്ചിടത്തോളം, നമ്മുടെ രാജ്യത്തും ഇതരരാജ്യങ്ങളിലും വില്പന സാധ്യതയുള്ള വിളകളിലേയ്ക്ക് നാം കൃഷി തിരിച്ചുവിടണം. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസും അതോടൊപ്പം ഇൻഫാമും കൃഷിയുടെ രംഗത്ത് ജനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത് നന്നായിരിക്കും. ചെറുകിട വ്യവസായങ്ങളുടെയും ഫാക്ടറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ അവയുടെ ഉടമസ്ഥർ തീവ്രമായി പരിശ്രമിക്കണം.

കോവിഡ് കാലത്ത് വന്ന സാമ്പത്തിക മാന്ദ്യം അതിജീവിക്കുവാൻ മേൽപ്പറഞ്ഞ അക്ഷീണപരിശ്രമങ്ങൾ കൂടിയേ തീരൂ. അതോ

ടൊപ്പം, കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുന്നോട്ട് വയ്ക്കുന്ന കോവിഡാനന്തര സാമ്പത്തികോന്നമന പ്രവർത്തനങ്ങൾക്ക് നമുക്ക് പൂർണ്ണസഹകരണം നൽകാം. ഒരു ജനാധിപത്യ രാജ്യമെന്ന നിലയിൽ പൊതുസമൂഹത്തിൽ ഉണ്ടാകാവുന്ന അഴിമതിക്കും ചൂഷണത്തിനുമെതിരെ നാമെല്ലാവരും ജാഗരൂകതയോടെ വർത്തിക്കണം. ആരും ആരെയും ചൂഷണം ചെയ്യുന്ന ആസൂത്രിതമായ പ്രവർത്തനങ്ങൾ അനുവദിച്ചുകൂടാ. അത്തരം അനീതിപരമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നറിഞ്ഞാൽ പൊതുമനഃസാക്ഷിയെ തട്ടിയുണർത്തി അവയെ ഉന്മൂലനം ചെയ്യുവാൻ ജനാധിപത്യപരമായ നടപടികൾ നാം സ്വീകരിക്കണം.

ഈ ചിന്തകളെല്ലാം ക്രൈസ്തവ ജീവിതത്തിനു പുതിയൊരു രൂപവും ഭാവവും നൽകുവാൻ ഈ കാലഘട്ടത്തിൽ നമ്മെ സഹായിക്കുമെന്നു കരുതുന്നു. നമ്മുടെ ആദ്ധ്യാത്മികതയുടെ ആന്തരിക തലങ്ങളും വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ തലങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സുവിശേഷമൂല്യങ്ങൾക്ക് അനുസൃതമാക്കാൻ കോവിഡുകാലത്തും കോവിഡാനന്തരകാലത്തും തീവ്രമായി പരിശ്രമിക്കാം. മിശിഹായുടെ മുഖം നമ്മുടെ സഭാജീവിതത്തിലൂടെ സമൂഹത്തിൽ പ്രകാശിതമാക്കാം. വി. തോമാശ്ലീഹായെപ്പോലെ ദൈവവും മനുഷ്യനുമായ ഈശോമിശിഹായിൽ നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിച്ച് സഭയുടെയും സമൂഹത്തിന്റെയും സമുദ്ധാരണത്തിൽ നമുക്ക് പങ്കുചേരാം.

ദൈവമേ സ്തുതി! ഈശോയേ സ്തുതി! പരിശുദ്ധാത്മാവേ സ്തുതി!

എല്ലാവർക്കും ദുക്റാനാതിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ജൂൺ മാസം 17-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

# രൂപതക്കച്ചേരി

## C.33/2020 Appointments and Transfers - July 2020 (W.e.f. 11.07.2020)

### PARISH PRIESTS

| Name of Priests | Parish |
|---|---|
| 1. Alappatt Francis | Pothanikad |
| 2. Areekatt Mathew | Kadalikad |
| 3. Arolichalil Sebastian | Nellimattam |
| 4. Chatholil John | Ezhalloor |
| 5. Chemparathy George | Enanalloor |
| 6. Kakanatt Mathew | Mailacombu |
| 7. Kochupurackal Mathew (Jr.) | Randar |
| 8. Koonanickal Joseph | Chilavu, Thattakuzha |
| 9. Kunnamkulam Emmanuel | Mathirappilly |
| 10. Mailackachalil Paul | Thottakara |
| 11. Maleparambil George | Nellikuzhy |
| 12. Malieckal Antony | Neendapara |
| 13. Moolasseril Nicholas | Neyyassery |
| 14. Mulanjanany Joseph | Muvattupuzha |
| 15. Mundackal Joseph (Sr.) | Vazhappilly East |
| 16. Mundolickal James | Kuthumkal |
| 17. Neerampuzha Jose | Marady |
| 18. Padinjarekuttu Augustine | Kottappady |
| 19. Pittappillil Mathew | Pallickamury |
| 20. Ponneth Joseph | NirmalaMatha, Muvattupuzha |
| 21. Poovathinkal Thomas | Pannimattam |
| 22. Pothanamuzhi Thomas | Oonnukal |
| 23. Rathappillil Jacob | Pazhampillichal, Parisakallu |
| 24. Thanathuparambil George | Muthalakodam |
| 25. Thottathimyalil Mathew | Udumbannoor |
| 26. Vallomkunnel George | Anicad |
| 27. Vattakatt Augustine | Punnamattam |
| 28. Vattakuzhy Jose | Thennathoor |

| | | |
|---|---|---|
| 29. Chiraparambil Jose | Mulappuram | (Vicar - In Charge) |
| 30. Kalathoor Paul | Peringassery, Uppukunnu | ” |
| 31. Kallidukkil Zacharias | Mekkadambu | ” |
| 32. Kannampalliyil Kuriakose | Pooyamkutty, Manikandamchal | ” |
| 33. Kapiarumalayil Joseph | Rajagiri (Vellallu) | ” |
| 34. Pothanamuzhi Sebastian | Malayinchi | ” |
| 35. Vallomkunnel Joseph | Muttathupara | ” |

## PAROCHIAL VICARS (W.e.f. 18.07.2020)

| Name of Priests | Parish |
|---|---|
| 1. Akkapadickal Paul | Nediakad |
| 2. Edathala George | Oonnukal |
| 3. Kachiraparekudiyil Martin | Thodupuzha |
| 4. Kalamparambil Antony | Karakunnam |
| 5. Kochuputhenpurayil Joseph | Kuruppumpady |
| 6. Konthempillil Sebastian | Kaliyar |
| 7. Kunnath Scaria | Nellimattom |
| 8. Kunnumpurath Joseph | Kalayanthani |
| 9. Madathil Joseph | Cathedral |
| 10. Mundackal Emmanuel | Karimannoor |
| 11. Mundackal Mathew (Jr.) | Kalloorkad |
| 12. Nedumpurath Sebastian | Nediasala |
| 13. Nedungattu George | Muthalakodam |
| 14. Njaliparambil Antony | Arakuzha |
| 15. Paramel Varghese | Muvattupuzha |
| 16. Paremman Peter | Divine Mercy Shrine |
| 17. Peechanikunnel George | Cathedral |
| 18. Puthenkulam Mathew | Nakapuzha |
| 19. Thanickal Joseph | Mailacombu |
| 20. Thanikunnel Alex | Kaloor |
| 21. Tharappil Mathew | Paingottoor |
| 22. Thumbamattathil Sebastian | Kadalikad |
| 23. Vadakedath Joseph | Marika |
| 24. Vadakken John | Vazhakulam |
| 25. Vellamkunnel Emmanuel | Vannapuram |

## OTHER OFFICES AND MINISTRIES

| | | |
|---|---|---|
| 1. | Msgr. Cherian Kanjirakompil | Proto -Syncellus |
| 2. | Nedumpurath Paul | Secretary, H Edu - Viswajyothi College of Engg. |
| 3. | Nedungatt Vincent | Sp. Director - St Thomas Apostolic Seminary Kottayam |
| 4. | Kadavan John | Principal - St.Mary's Public School, Nakapuzha |
| 5. | Kottarathil Thomas | Administrator - SXPS Pothanicad |
| 6. | Kallarackal Joseph | Secretary to Bishop, Vice- Chancellor |
| 7. | Mundolickal James | Director - Media Cell |
| 8. | Vilayappillil Antony | Vice - Rector |
| 9. | Vallomkunnel Joseph | Asst. Procurator |
| 10. | Kochuparambil George | Anicad (Resident Priest) |
| 11. | Vilanguparayil Thomas | MCL Vadavathoor |
| 12. | Arackal James | Medical Leave |
| 13. | Kalapurayil James | Medical Leave |
| 14. | Thottathimyalil John | Medical Leave |

## RETIREMENT

1. Adapoor Joseph
2. Athickal Francis
3. Elanjedath John
4. Nellikunnel Joseph
5. Nirappath George
6. Oliapuram George (Jr)
7. Parayannilam Joseph
8. Vadakkel James
9. Vengooran Jose

*Protosyncellus*

*JS. 5/2020* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ എപ്പിസ്കോപ്പൽ സിൽവർ ജൂബിലി മെമ്മോറിയൽ സ്കോളർഷിപ്പ് മത്സര പരീക്ഷ 2020 ഒക്ടോബർ 10-ാം തീയതി ശനിയാഴ്ച ആയിരിക്കും.

*Chancellor*

# മൈനർ സെമിനാരി

*MS. 17/2020* **അഭിനന്ദനങ്ങൾ... ആശംസകൾ...**

നമ്മുടെ രൂപതയ്ക്കുവേണ്ടി മ്ശംശാന, ഹെവ്പ്പദ്യാക്ക്നൂസ, കാറോയൂസ പട്ടങ്ങളും വൈദികവസ്ത്രവും സ്വീകരിച്ച സെമിനാരിവിദ്യാർത്ഥികൾ:

**മ്ശംശാന പട്ടം**

1. മഠത്തിൽ ജോസഫ്, വാഴക്കുളം
2. മാറാട്ടിൽ പോൾ, വാഴക്കാല
3. പ്ലാത്തോട്ടത്തിൽ മാത്യു, ഏഴല്ലൂർ
4. വാമറ്റത്തിൽ ജോൺ, ബസ്ലഹം

**ഹെവ്പ്പദ്യാക്ക്നൂസപ്പട്ടം**

1. ചേറ്റൂർ കുര്യൻ, കോട്ടപ്പടി
2. കല്ലറയ്ക്കൽ ജെയിംസ്, തെന്നത്തൂർ
3. കണയാങ്കൽ ജോൺ, പന്നിമറ്റം
4. കുന്നുംപുറത്ത് ജോസ്, കുട്ടമ്പുഴ
5. കുരീക്കാട്ടിൽ കുര്യൻ, പള്ളിയ്ക്കാമുറി
6. മഞ്ഞക്കടമ്പിൽ കുര്യാക്കോസ്, ഉടുമ്പന്നൂർ
7. മെതിപ്പാറ സ്കറിയ, ബസ്ലഹം
8. രാമനാട്ട് മാത്യു, കരിമണ്ണൂർ
9. വെട്ടിക്കുഴിച്ചാലിൽ ജോസഫ്, തൊടുപുഴ

**കാറോയൂസ പട്ടം**

1. മുണ്ടൻകാവിൽ ജോസഫ്, തൊമ്മൻകുത്ത്
2. മൂലയിൽ ആൻഡ്രൂസ്, കലയന്താനി
3. എടാട്ട് മാത്യു, മുതലക്കോടം
4. മരുത്വാമലയിൽ ആന്റണി, പൈങ്ങോട്ടൂർ
5. വാലംപാറയ്ക്കൽ പോൾ, ആയവന

**വൈദികവസ്ത്രം സ്വീകരിച്ചവർ**

1. കണ്ണാടൻ വർഗീസ്, കുത്തുങ്കൽ
2. മക്കോളിൽ തോമസ്, വാഴക്കുളം
3. മാമ്മൂട്ടിൽ ജോർജ്, ചിലവ്
4. നിരപ്പേൽ അഗസ്റ്റിൻ, ആനിക്കാട്
5. പാലയ്ക്കാമറ്റത്തിൽ ജോർജ്, തൊമ്മൻകുത്ത്
6. പരയ്ക്കനാൽ ജെയിംസ്, വണ്ണപ്പുറം

*MS. 18/2020* **വൊക്കേഷൻ ക്യാമ്പ്**

കോവിഡ്-19 മൂലം മദ്ധ്യവേനലവധിക്കാലത്ത് പതിവായി നടത്താറുള്ള വൊക്കേഷൻ ക്യാമ്പ് നടത്തുവാൻ സാധിച്ചിട്ടില്ല. രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്ന SSLC, Plus Two പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരിവിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ കുട്ടികൾ രൂപതാ വൊക്കേഷൻ പ്രമോട്ടറുമായി (ഫോൺ : Ph. 9495866047) ബന്ധപ്പെടുമല്ലോ.

*MS.19 /2020* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | One Benefactor | ₹ | 20,000 |
| 2 | One Benefactor | ₹ | 20,000 |
| 3 | John Tharian Elenjickal, Inchoor | ₹ | 25,000 |
| 4 | MSJ Provincial House | ₹ | 50,000 |
| 5 | One Benefactor | ₹ | 10,000 |
| 6 | Sebi Nagasseri, Thodupuzha | ₹ | 5,000 |
| 7 | Tyson Oliapuram, Velielchal | ₹ | 10,000 |
| 8 | Shiny Avirapattu, Anicadu | ₹ | 25,000 |
| 9 | Alice Devasiachan Plathottathil, Ezhalloor | ₹ | 10,000 |
| 10 | Francis Kavumpuram in memory of Br. Jose Kavumpuram | ₹ | 2,000 |
| 11 | Noffin Jose Edavazhikal Kulappuram | ₹ | 10,000 |
| 12 | One Benefactor | ₹ | 1,000 |
| 13 | Antony George Oliapuram, Cathedral | ₹ | 35,000 |

*Rector*

# Care A Family

*CAF. 2/2020* **Care A Family Project**

Care A Family Project -ന്റെ ആദ്യഘട്ടം പൂർത്തിയായിരിക്കുന്നു. 2017 ഏപ്രിലിൽ ആരംഭിച്ച ആദ്യഘട്ടം 2020 മാർച്ചിൽ പൂർത്തിയാക്കിയപ്പോൾ 515 നിർധനരായ കുടുംബങ്ങൾക്ക് 1000/- രൂപാവീതം ഓരോ മാസവും നൽകി. ആകെ ഒരു കോടി എൺപത്തിയഞ്ച്ലക്ഷത്തിനാല്പതിനായിരം രൂപ ധനസഹായം നൽകുവാൻ സാധിച്ചു. കഴിഞ്ഞ 2 വർഷമായി 25 കുട്ടികൾക്ക് ഉപരിപഠനത്തിനായി 25 ലക്ഷം രൂപയുടെ

സ്കോളർഷിപ്പ് വിതരണം ചെയ്തു. ഈ പ്രവർത്തനങ്ങളിൽ പലവിധത്തിൽ സഹകരിച്ച എല്ലാവരേയും പ്രത്യേകിച്ച് ബഹു. വികാരിയച്ചന്മാരെയും Benefactors' നെയും നന്ദിയോടെ ഓർക്കുന്നു.

കോവിഡ് 2019 ന്റെ നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ അടുത്ത പുതിയ പ്രോജക്ട് ദൈവാലയങ്ങളുടെ പ്രവർത്തനങ്ങൾ സാധാരണഗതിയിലായശേഷമേ ആരംഭിക്കുകയുള്ളൂ. എന്നിരുന്നാലും നേരത്തെ സഹായിച്ചുകൊണ്ടിരുന്ന കുടുംബങ്ങളിൽ കടുത്ത സാമ്പത്തികക്ലേശം അനുഭവിക്കുന്നവരെ കണ്ടെത്തി ബഹു. വികാരിയച്ചന്മാർ അറിയിച്ചാൽ തുടർസഹായം നല്കുന്നതാണ്. Care A Family -യിൽ ഉൾപ്പെട്ട ഏതെങ്കിലും കുടുംബങ്ങളെ തുടർസഹായത്തിനും പരിഗണിക്കേണ്ടതുണ്ടെങ്കിൽ ബഹു. വികാരിയച്ചന്മാർ ആ വിവരം ഓഫീസിൽ അറിയിച്ചാൽ അവരെ പരിഗണിക്കാൻ ശ്രമിക്കുന്നതാണ്. Contact No. 7510878701

*Director*

## വിജ്ഞാനഭവൻ

*V. 46 /2020* X, XII **ക്ലാസ്സുകളിലെ പരീക്ഷ**

X, XII ക്ലാസ്സുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ ഓൺലൈൻ ആയി നടത്തുന്നതാണ്. ജൂലൈ 11-ാം തീയതി ശനിയാഴ്ച 10-ാം ക്ലാസ്സിനും 12-ാം തീയതി ഞായറാഴ്ച 12-ാം ക്ലാസ്സിനും ആയിരിക്കും പരീക്ഷ. ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളായിരിക്കും. ഫൊറോന അടിസ്ഥാനത്തിൽ സമയക്രമത്തിന് വ്യത്യാസം ഉണ്ടായിരിക്കും. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

*V. 47 /2020* **രൂപതയിലെ മികച്ച സൺഡേ സ്കൂളുകൾ**

2019-2020 പ്രവർത്തന വർഷത്തിൽ രൂപതയിലെ A, B Grade- കൾ നേടിയ സൺഡേസ്കൂളുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

**A Grade**

| | | | |
|---|---|---|---|
| ആലക്കോട് | അഞ്ചിരി | ആനിക്കാട് | ആയവന |
| കോതമംഗലം | ബെസ്ലേഹം | ചെപ്പുകുളം | കദളിക്കാട് |
| കല്ലാനിക്കൽ | കാവക്കാട് | കാളിയാർ | കുറുപ്പംപടി |
| മൈലക്കൊമ്പ് | മാലിപ്പാറ | മാറിക | മാതിരപ്പിള്ളി |

| | | | |
|---|---|---|---|
| മുടവൂർ | നാകപ്പുഴ | നെടിയകാട് | നെല്ലിക്കുഴി |
| നെല്ലിമറ്റം | ഊന്നുകൽ | പൈങ്ങോട്ടൂർ | പന്നിമറ്റം |
| തൊടുപുഴഈസ്റ്റ് | ഉടുമ്പന്നൂർ | വടാട്ടുപാറ | വാഴക്കുളം |

## B Grade

| | | | |
|---|---|---|---|
| ആരക്കുഴ | അരിക്കുഴ | ചാലാശ്ശേരി | ചീനിക്കുഴി |
| ചിറ്റൂർ | ചിലവ് | ഏനാനല്ലൂർ | ഏഴല്ലൂർ |
| കലയന്താനി | കല്ലൂർ | കാരക്കുന്നം | കരിമണ്ണൂർ |
| കോടിക്കുളം | കോട്ടപ്പടി | കോഴിപ്പിള്ളി | കുളപ്പുറം |
| കുട്ടമ്പുഴ | മലയിഞ്ചി | മാറാടി | മീങ്കുന്നം |
| മേക്കടമ്പ് | മുളപ്പുറം | മുതലക്കോടം | മൂവാറ്റുപുഴ |
| മൂവാറ്റുപുഴ ഈസ്റ്റ് | നാടുകാണി | നെടുങ്ങപ്ര | നെടിയശാല |
| നീണ്ടപാറ | നേര്യമംഗലം | ഞാറക്കാട് | പരീക്കണ്ണി |
| പഴമ്പിള്ളിച്ചാൽ | പെരുമ്പള്ളിച്ചിറ | പെരുമ്പല്ലൂർ | പുറപ്പുഴ |
| പോത്താനിക്കാട് | രാജഗിരി | രണ്ടാർ | തലയനാട് |
| തൊടുപുഴ | തൊമ്മൻകുത്ത് | തൃക്കാരിയൂർ | വടകോട് |
| വണ്ണപ്പുറം | വണ്ടമറ്റം | വാഴക്കാല | വാഴപ്പിള്ളി ഈസ്റ്റ് |
| വെളിയേൽച്ചാൽ | വെട്ടിമറ്റം | | |

*V. 48/2020* **സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

നിലവിലുള്ള കണക്കനുസരിച്ച് സ്റ്റാഫ് സ്റ്റേറ്റ്മെന്റ് സൈറ്റിൽ എന്റർ ചെയ്യുമല്ലോ. എന്റർ ചെയ്തവർ വാട്സ്ആപ്പ് ഗ്രൂപ്പിൽ message ചെയ്യുക. പിന്നീട് മാറ്റങ്ങൾ ഉണ്ടെങ്കിൽ തിരുത്താവുന്നതാണ്. (ഡയറക്ടറിയിൽ കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണം ചേർക്കുന്നതിന് വേണ്ടിയാണ്.)

*V. 49/2020* **ടീച്ചേഴ്സ് ക്വിസ് പഠനഭാഗം**

കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം 683–780; വിശ്വാസവഴിയിലെ സംശയങ്ങൾ - 1, 2, 3; വഴിതെറ്റാത്ത വിശ്വാസം

*V. 50/2020* **ലോഗോസ് ക്വിസ് 2020**

മത്സരത്തിനുള്ള പാഠഭാഗങ്ങൾ:

**1) നിയമാവർത്തനം 22–34** **2) പ്രഭാഷകൻ 18–22**

**3) വി. മർക്കോസ് 1–8** **4) 1 കോറി. 1–8**

പഠനത്തിനായി ഉപയോഗിക്കേണ്ടത് POC ബൈബിളും, ഇംഗ്ലീഷിന്

NRSV (Catholic Edition) ബൈബിളുമാണ്.
NB നിലവിലെ അറിയിപ്പനുസരിച്ച് ലോഗോസ് ക്വിസിന് രജിസ്റ്റർ ചെയ്യേണ്ടത് ജൂലൈ 31-ന് മുമ്പാണ്.

*V.51/2020* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 20 രൂപയാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*Director*

## സോഷ്യൽ സർവീസ്

*SS. 19/2020* **ഒരു കോടി രൂപ ലോൺ നൽകുന്നു**

കോവിഡ് 19 പശ്ചാത്തലത്തിൽ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനുമായി സഹകരിച്ച് സോഷ്യൽ സർവീസ് സൊസൈറ്റി ഒരു കോടി രൂപ ലോൺ നൽകുന്നതാണ്. 50,000 രൂപ വീതം 200 കുടുംബങ്ങൾക്കാണ് ഇപ്പോൾ നൽകുന്നത്. ക്രെഡിറ്റ് യൂണിയനിലും SHG കളിലും അംഗങ്ങളായവർക്ക് ബഹു. വികാരിയച്ചന്മാരുടെ ശുപാർശയനുസരിച്ച് ലോൺ ലഭിക്കുന്നതാണ്.

*SS. 20/2020* **ക്രെഡിറ്റു യൂണിയൻ ശക്തിപ്പെടുത്തുക**

അഭിവന്ദ്യ പിതാവ് ലോക്ക് ഡൗൺ നാളുകളിൽ സർക്കുലറിലൂടെ ആഹ്വാനം ചെയ്തിരുന്നതുപോലെ നമ്മുടെ ഇടവകകളിൽ ക്രെഡിറ്റുയൂണിയൻ ശക്തിപ്പെടുത്തുന്നത് ആളുകൾക്ക് വലിയ സഹായമായിരിക്കും. ക്രെഡിറ്റ് യൂണിയന് ഷെഡ്യൂൾഡ് ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങുവാൻ സാധിക്കുന്നില്ലായെന്നതാണ് ക്രെഡിറ്റ് യൂണിയൻ പ്രോത്സാഹിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഒരു കാരണമായി ചില വികാരിയച്ചന്മാർ പറയുന്നത്. ഇതിന് പരിഹാരമായി ചങ്ങനാശ്ശേരി, തലശ്ശേരി തുടങ്ങിയ രൂപതകളിൽ ചെയ്തിരിക്കുന്നത് എല്ലാ ഇടവകകളിലെയും ക്രെഡിറ്റുയൂണിയനുകൾ ട്രസ്റ്റുകളായി രജിസ്റ്റർ ചെയ്യുകയെന്നതാണ്. ഇങ്ങനെ രജിസ്റ്റർ ചെയ്താൽ അവർക്ക് പാൻകാർഡ് ലഭിക്കും. ഈ പാൻകാർഡ് ഉപയോഗിച്ച് ബാങ്ക് അക്കൗണ്ട് തുടങ്ങാനാകും. കേന്ദ്രസമിതിയിൽ (KSSS) നിന്നും നിശ്ചയിക്കുന്ന വ്യക്തികളായിരിക്കും ഇടവക ക്രെഡിറ്റ് യൂണിയൻ ട്രസ്റ്റിന്റെ ചെയർമാനും മറ്റു

ഭാരവാഹികളും. ഓരോ ട്രസ്റ്റും ഒറ്റപ്പെട്ട പ്രസ്ഥാനമായി സ്വന്തം ഇഷ്ട പ്രകാരം പ്രവർത്തിച്ചു പോകാതിരിക്കുവാൻ ഈ ക്രമീകരണം ഉപകാരപ്പെടും. താല്പര്യമുള്ള വികാരിയച്ചന്മാരും ക്രെഡിറ്റുയൂണിയനുകളും KSSS ഓഫീസുമായി ബന്ധപ്പെട്ടാൽ വിശദാംശങ്ങൾ നൽകുന്നതാണ്. 2019 സെപ്റ്റംബർ 20-ന് മൂവാറ്റുപുഴ NESTT -ലും നിർമ്മലാ പബ്ലിക് സ്കൂളിലുമായി നടന്ന ബഹു. വൈദികരുടെയും ഇടവകപ്രതിനിധികളുടെയും ക്രെഡിറ്റ് യൂണിയൻ ഭാരവാഹികളുടെയും സമ്മേളനത്തിൽ ചങ്ങനാശ്ശേരി, തലശ്ശേരി രൂപതകളിലെ സോഷ്യൽ സർവീസ് ഡയറക്ടർമാർ ഈ കാര്യത്തെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവച്ചിരുന്നു.

*SS. 21/2020* **നെൽകൃഷിയും മറ്റ് കൃഷികളും പ്രോത്സാഹിപ്പിക്കുക**

കഴിഞ്ഞ മാസത്തെ ദൈവരാജ്യത്തിൽ അറിയിച്ചിരുന്നതുപോലെ കർഷകരെ ഒരുമിച്ചുകൂട്ടി പത്ത് ഏക്കറിൽ കുറയാതെ നെൽപാടങ്ങളിൽ കൃഷിയിറക്കുവാൻ പരിശ്രമിച്ചാൽ നന്നായിരിക്കും. അടുത്തുള്ള സഹകരണബാങ്കുകളെ സഹകരിപ്പിച്ചാൽ അവർ പല വിധത്തിലുള്ള സാമ്പത്തിക സഹായങ്ങളും പലിശരഹിത വായ്പയും നൽകുവാൻ സാധ്യതയുണ്ട്. ഇത് സാധിക്കാത്തിടത്ത് ബഹു. വികാരിയച്ചന്മാർ ഉറപ്പു നൽകിയാൽ ആറു മാസത്തേക്ക് പലിശരഹിത വായ്പ KSSS-ൽ നിന്നും നൽകുന്നതാണ്.

*SS. 22/2020* **ജീവ സ്റ്റാൾ**

KSSS -ന്റെ പുതിയ പ്രവർത്തനപദ്ധതിയായി ജീവ നേഴ്സറിയോടു ചേർന്ന് ഒരു പുതിയ സ്റ്റാൾ ക്രമീകരിച്ചിരിക്കുന്നു. സോപ്പ്, സോപ്പുപൊടി, മറ്റു ക്ലീനിംഗ് & വാഷിംഗ് ഉല്പന്നങ്ങൾ, ഡിറ്റർജന്റ് കിറ്റുകൾ, ജീവ തേയിലപ്പൊടി, കാപ്പിപ്പൊടി, ഉരഗുളിക, മുറിവെണ്ണ, തേൻ, ഗ്രോബാഗ് തുടങ്ങിയവ ഇവിടെ ലഭിക്കുന്നതാണ്. ഗ്രോബാഗ് എത്രയെണ്ണം വേണമെങ്കിലും 12 രൂപ നിരക്കിൽ ലഭിക്കും. പുതിയ സ്റ്റാളിൽ ബ്രൂ കോഫിയും ചായയും ലഭ്യമാണ്. സ്റ്റാളിലെ ഉല്പന്നങ്ങൾ ഇടവകകളിൽ ലഭ്യമാക്കിയാൽ, ആളുകൾക്ക് വലിയ ഉപകാരവും സാമ്പത്തിക ലാഭവും ആയിരിക്കും.

*SS. 23/2020* **കോവിഡ് 19 ദുരിതാശ്വാസ പ്രവർത്തന റിപ്പോർട്ട്**

നമ്മുടെ ഇടവകകൾ, സ്ഥാപനങ്ങൾ, സന്യാസസമൂഹങ്ങൾ

എന്നിവിടങ്ങളിൽ നിന്നും കോവിഡ് 19 പശ്ചാത്തലത്തിൽ മാസ്ക്, സാനിറ്റൈസർ, ശുചിത്വകിറ്റ്, ഭക്ഷണകിറ്റ്, വോളന്റിയർ സഹായം എന്നീ മേഖലകളിൽ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് CBCI ആസ്ഥാനത്തുനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ദയവായി അവ എത്രയും വേഗം ലഭ്യമാക്കുമല്ലോ. 2020 ജൂൺ 15 വരെയുള്ള റിപ്പോർട്ടാണ് ചോദിച്ചിരിക്കുന്നത്.

### *SS. 24/2020* അഭിനന്ദനങ്ങൾ

ആരക്കുഴ ഫൊറോന വികാരി ബഹു. ജോൺ മുണ്ടക്കൽ അച്ചന്റെ നേതൃത്വത്തിൽ രൂപീകരിച്ചിരിക്കുന്ന ജനകീയ കാർഷിക വേദിക്ക് അഭിനന്ദനങ്ങൾ. ഇതിനോടകം മൂന്നു ലക്ഷം രൂപ തൊഴിൽ ചെയ്തവർക്കായി വിതരണം ചെയ്യുവാൻ സാധിച്ചുവെന്നത് വലിയ നേട്ടമാണ്.

### *SS. 25/2020* കാർഷിക കൂട്ടായ്മകൾ ഇടവകകളിൽ

നമ്മുടെ ഇടവകകളിൽ കൃഷിപ്പണിയും മറ്റ് അനുബന്ധജോലികളും ചെയ്യുവാൻ തയ്യാറുള്ളവരുടെ കൂട്ടായ്മകൾ ക്രമീകരിച്ചാൽ നന്നായിരിക്കും. ആളുകൾക്ക് സാമ്പത്തിക വരുമാനത്തിന് ഉപകാരപ്പെടുമെന്നു മാത്രമല്ല, അന്യസംസ്ഥാന തൊഴിലാളികളുടെ അസാന്നിദ്ധ്യത്തിൽ ജോലിക്കാരുടെ കുറവ് ഒരു പരിധി വരെ പരിഹരിക്കാനും ഉപകാരപ്പെടും. എല്ലാ തൊഴിലും മഹത്വമുള്ളതാണ് എന്ന ബോധ്യവും പുതിയ തൊഴിൽ സംസ്കാരവും രൂപപ്പെടും.

### *SS. 26/2020* കാർഷിക കൂട്ടായ്മകൾക്ക് സാമ്പത്തിക സഹായം

മുകളിൽ പറഞ്ഞതുപോലുള്ള കാർഷിക കൂട്ടായ്മകൾ രൂപീകരിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ (ഉദാ. പണിയായുധങ്ങൾ വാങ്ങിക്കുവാൻ) KSSS -ൽ നിന്നും പലിശരഹിത വായ്പ 6 മാസത്തേക്ക് നൽകുന്നതാണ്.

### *SS. 27/2020* SHG കൾ രൂപീകരിക്കാം

കർഷക കൂട്ടായ്മകൾ രൂപപ്പെടുന്നതനുസരിച്ച് Self Help Group (SHG) കൾ കുടുംബങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ചാൽ അവ NABARD-ൽ രജിസ്റ്റർ ചെയ്യാം. വിവിധ സർക്കാർ പദ്ധതികളിൽ നിന്നും സബ്സിഡികളും ലോണുകളും ലഭ്യമാകുന്നതാണ്.

## *SS. 28/2020* ജീവ മെഡിക്കൽ ലാബോറട്ടറി സ്റ്റാഫിനെ ആവശ്യമുണ്ട്

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പുതിയ സംരംഭമായി മൂവാറ്റുപുഴയിൽ ജീവ മെഡിക്കൽ ലാബോറട്ടറി ആരംഭിക്കുന്നു. ഇതിലേക്ക് രണ്ടു ലാബ് ടെക്നീഷ്യരെ ആവശ്യമുണ്ട്. ഈ വിവരം പള്ളിയിൽ അറിയിക്കുമല്ലോ. താൽപര്യമുള്ളവർ ബയോ ഡേറ്റ KSSS ഓഫീസിലോ ജീവ മെഡിക്കൽസിന്റെ ഏതെങ്കിലും ബ്രാഞ്ചിലോ നൽകേണ്ടതാണ്.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

## *CML 28/2020* ചെറുസൂനം ക്വിസ് (രൂപതാതലം)

2019-20 പ്രവർത്തനവർഷത്തെ രൂപതാതല ചെറുസൂനം ക്വിസ് ഓൺലൈൻ ആയി നടത്തി. UP; HS, HSS എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായിട്ടാണ് മത്സരം നടത്തിയത്. മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികളായവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. ഇവരെ പ്രോത്സാഹിപ്പിച്ച ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും മാതാപിതാക്കൻമാർക്കും നന്ദി അറിയിക്കുന്നു. വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

**UP വിഭാഗം**

I - ഐശ്വര്യ റെജി, പോത്താനിക്കാട്
II - കൃപ മരിയ സിബി, പോത്താനിക്കാട്
III - മരിയ മേരി മനോജ്, കരിമണ്ണൂർ
ആഷിത ബെന്നി, നാകപ്പുഴ

**HS, HSS വിഭാഗം**

I - അലീന ജോർജ്ജ്, കദളിക്കാട്
II - നിയ ആൻ ജെയ്സൺ, ആനിക്കാട്
III - റ്റിയ മോൾ സെബാസ്റ്റ്യൻ, നെല്ലിമറ്റം

## *CML 29/2020* രൂപതാമാനേജിംഗ് കമ്മിറ്റി

കോതമംഗലം രൂപതയുടെ ചരിത്രത്തിൽ ആദ്യമായി രൂപതാമാ

നേജിംഗ് കമ്മിറ്റി ഓൺലൈൻ വഴി ജൂൺ 17-ാം തീയതി നടത്തി. മേഖലാ ഡയറക്ടേഴ്സ്, അസി. ഡയറക്ടേഴ്സ്, ജോയിന്റ് ഡയറക്ടർ സിസ്റ്റേഴ്സ്, മറ്റ് മേഖലാഭാരവാഹികൾ എന്നിവർ ഉൾപ്പെടെ 61 പേർ മീറ്റിംഗിൽ പങ്കെടുത്തു. സഹകരിച്ച എല്ലാവർക്കും ചെറുപുഷ്പമിഷൻലീഗ് രൂപതാകുടുംബത്തിന്റെ നന്ദി. പുതിയ സേവനരംഗത്തേയ്ക്ക് പ്രവേശിച്ച സി. മേഴ്സി കൊച്ചുപറമ്പിലിനും, സി. ലിസാറോസിനും രൂപതാകുടുംബത്തിന്റെ പ്രത്യേക നന്ദിയും ആശംസകളും.

*CML 30/2020* **Mission 15 Days**

ചെറുപുഷ്പമിഷൻലീഗ് കോതമംഗലം രൂപത നടത്തിയ 15 ദിവസം നീണ്ടുനിന്ന ഒരു ഓൺലൈൻ ഗെയിം ആയിരുന്നു Mission 15 Days. രൂപതയ്ക്ക് അകത്തുനിന്നും, പുറത്തുനിന്നും, രാജ്യത്തിനുപുറത്തുനിന്നും വിവിധ മത്സരാർത്ഥികൾ പങ്കെടുത്ത ഈ ഗെയിമിൽ 9 വയസ്സുകാരൻ മുതൽ 77 കാരൻ വരെ ഉണ്ടായിരുന്നു എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. 350 കുടുംബങ്ങളാണ് ഗെയിമിൽ മാറ്റുരച്ചത്. 15 ദിവസങ്ങളിലായി ബൈബിൾ അധിഷ്ഠിതവും, കുടുംബബന്ധങ്ങളെ ഊട്ടിഉറപ്പിക്കുന്നതും, വിജ്ഞാനം നൽകുന്നതുമായ 45 ടാസ്കുകളിലൂടെയാണ് ഗെയിം കടന്നുപോയത്. സഹകരിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

**മത്സരഫലം (പ്രായവിഭാഗത്തിൽ)**

Age Above 40

1 Shyny Sojan, Nellimattam
2 Ligi Sebastian, Marady
3 Kochurani Tomy, Paingottoor

Age 25-40

1 Deepthi Joseph, Alakode
2 Jeneesh Varghese, Mekkadambu
3 Alphonsa Mathew, Malayinchi

Age Below 25

1 Augustine Dev J., Nediasala
2 Anu Antony, Muttathupara
3 Elizabeth Lovin, Kallanickal

ഏറ്റവും കൂടുതൽ മത്സരാർത്ഥികൾ പങ്കെടുത്ത ശാഖ - വാഴക്കുളം

വിജയികളായവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ!

*CML 31/2020* **ലോകം മുഴുവൻ സുഖം പകരാനായ്**

ഭാഷാന്തരങ്ങളില്ലാതെ, ദേശവ്യത്യാസങ്ങളില്ലാതെ, മനുഷ്യരാശി മുഴുവൻ മഹാമാരിക്കെതിരെ പോരാടുമ്പോൾ മുഴുവൻ ആരോഗ്യ സന്നദ്ധപ്രവർത്തകരെയും ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് ചെറുപുഷ്പമിഷൻലീഗ് കോതമംഗലം രൂപതയുടെ ഔദ്യോഗിക യുട്യൂബ് ചാനലിലൂടെ പ്രാർത്ഥനാഗാനം പുറത്തിറക്കി. 14 ഗായകർ സ്വവസതികളിൽ ഇരുന്ന് പാടിയ ഈ ഗാനം സമൂഹമാധ്യമങ്ങളുടെ ശ്രദ്ധ ആകർഷിച്ച ഒന്നായിരുന്നു.

*CML 32/2020* **ശാഖാ പ്രവർത്തനവർഷ റിപ്പോർട്ട്**

2019-2020 പ്രവർത്തനവർഷ റിപ്പോർട്ട് ഇതിനോടകംതന്നെ പല ശാഖകളും പൂർത്തിയാക്കി രൂപതയിൽ എത്തിച്ചു കഴിഞ്ഞു. ഇനിയും എത്തിക്കാൻ സാധിക്കാത്ത ശാഖകൾ ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലംമാറ്റത്തിന് മുമ്പുതന്നെ റിപ്പോർട്ട് പൂർത്തിയാക്കി മേഖലാ ഭാരവാഹികളെ ഏല്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*Director*

---

# കെ.സി.എസ്.എൽ.

---

*KCSL. 10/2020*

വളരെ പ്രത്യേകമായതും പുതിയ അധ്യയന വർഷം ആരംഭിക്കാത്തതും ആയ സമകാലികാവസ്ഥയിൽ സഖ്യത്തിന്റെ പ്രവർത്തനങ്ങൾ നമുക്ക് തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മികച്ച യൂണിറ്റുകളെയും ചില മത്സര ഫലങ്ങളും പ്രഖ്യാപിക്കുന്നു. എല്ലാ യൂണിറ്റുകളെയും ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. അധികം വൈകാതെ നമ്മുടെ പ്രവർത്തനങ്ങൾക്കായി ഒരുമിക്കാം എന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു.

**മികച്ച ആനിമേറ്റർ** - കല എം. കുരുവിള SAGHSS, മൂവാറ്റുപുഴ

**മികവിന്റെ താരം** - എയ്ഞ്ചൽ സാൻഡേഴ്സ്, SMHSS, കാളിയാർ

**2019 – 20 പ്രവർത്തന വർഷത്തെ മികച്ച യൂണിറ്റുകൾ**

**UP വിഭാഗം**

1. SAGHSS, Kothamangalam & SJHSS, Paingottoor
2. SSUPS, Thodupuzha
3. SXPS, Pothanikad & SJUPS, Nellimattom

**HS വിഭാഗം**

1. SAGHSS, Kothamangalam
2. SJHSS, Paingottoor
3. SMHSS, Kaliyar

**HSS വിഭാഗം**

1. SJHSS, Paingottoor
2. SAGHSS, Kothamangalam & SMHSS, Kaliyar
3. Jairani EMHSS, Thodupuzha

*KCSL. 11/2020* **Study Circle Video Competetion**

പഠനക്കളരി സഖ്യത്തിന്റെ ജീവനാഡിയാണല്ലോ. കഴിഞ്ഞ വർഷം സ്റ്റഡി സർക്കിൾ പ്രോത്സാഹനത്തിന്റെ ഭാഗമായി സ്റ്റഡി സർക്കിൾ വീഡിയോ മത്സരം സംഘടിപ്പിച്ചിരുന്നു. മത്സരത്തിൽ പങ്കെടുത്തവരെ അഭിനന്ദിക്കുന്നതൊടൊപ്പം വിജയികളെ പ്രഖ്യാപിക്കുകയും ചെയ്യുന്നു.

**U P വിഭാഗം**

1. സെന്റ് ജോസഫ് എച്ച്. എസ്., ആരക്കുഴ
   & സെന്റ് ജോസഫ് എച്ച്. എസ്. എസ്., പൈങ്ങോട്ടൂർ
2. ലിറ്റിൽ ഫ്ളവർ എച്ച്. എസ്., ഊന്നുകൽ
3. സെന്റ് അഗസ്റ്റിൻ ജി.എച്ച്.എസ്.എസ്., കോതമംഗലം

**HS വിഭാഗം**

1. സെന്റ് ജോസഫ് എച്ച്. എസ്., ആരക്കുഴ
2. സെന്റ് ജോസഫ് എച്ച്. എസ്. എസ്., പൈങ്ങോട്ടൂർ
   & സെന്റ് അഗസ്റ്റിൻ ജി. എച്ച്. എസ്. എസ്., കോതമംഗലം
3. ലിറ്റിൽ ഫ്ളവർ എച്ച്.എസ്., ഊന്നുകൽ

**HSS വിഭാഗം**

1. സെന്റ് ജോസഫ് എച്ച്. എസ്. എസ്., പൈങ്ങോട്ടൂർ

*KCSL. 12/2020* **ബ്രേക്ക് ദ ചെയിൻ ഫാമിലി സെൽഫി മത്സരം**

കോവിഡ് രോഗത്തെ ചെറുത്ത് പരാജയപ്പെടുത്തുന്നതിന്റെ ഭാഗമായി നടത്തിയ മത്സരം ആണിത്. ഒട്ടേറെ അംഗങ്ങൾ ഈ മത്സരത്തിൽ പങ്കെടുത്തു. എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നു. അതോടൊപ്പം കൊറോണ വൈറസിനെതിരെയുള്ള നമ്മുടെ പ്രതിരോധം നമുക്ക് തുടരാം.

**വിജയികൾ**

1. Joyal Sani - Sobhana EMHS, കോതമംഗലം
2. Nohal Paul - St. Xavier's Public School, Pothanikad
3. Agatha Mariam Rony - St.Xavier's Public School, Pothanikad

*Director*

---

## മാതൃവേദി

---

*MV 18/2020* **ചാവറ ക്വിസ്** (ഓൺലൈൻ ചാവറ ക്വിസ് വിജയികൾ)

ചാവറ ക്വിസ് മത്സരത്തിൽ 170 പേർ പങ്കെടുത്തു. ഫൊറോന തലത്തിൽ വിജയികൾ ആയവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

### Mathruvedi Online Chavara Quiz Competition Result

**Thodupuzha Forane**

| | | | |
|---|---|---|---|
| First | - | Giji Nijo Edassery | Vinjanamatha |
| Second | - | Ancy Benny Odackel | Vettimattam |
| Third | - | Daliya Rens Padinjarekudiyil | Vettimattam |

**Kothamangalam Forane**

| | | | |
|---|---|---|---|
| First | - | Mary Johny Thakidiyil | Kothamangalam |
| Second | - | Salomy Antony Valayamthottiyil | Velielchal |
| Third | - | Brijit Jose Parankimalil | Vadattupara |

**Arakuzha Forane**

| | | | |
|---|---|---|---|
| First | - | Lillykutty Joseph Thadikkatt | Arakuzha |
| Second | - | Sini Aji Thanickal | Thottakkara |
| Third | - | Betsy Vincent Pallikkamalil | Perumballoor |

## Muthalakodam Forane

| | | | |
|---|---|---|---|
| First | - | Mereena Jose Mekkunnel | Parapuzha |
| Second | - | Jolly Johnson Patterumadam | Chalassery |
| Third | - | Elamma Sojan Kavungal | Vandamattam |

## Kaliyar Forane

| | | | |
|---|---|---|---|
| First | - | Sattukutty Sabu Villanthanathu | Kaliyar |
| Second | - | Silgi Jaison Arackal | Koduvely |

## Marika Forane

| | | | |
|---|---|---|---|
| First | - | Betsy Benny Karimpadakuzhiyil | Marika |
| Second | - | Celine Sunny Kadavunkal | Marika |
| Third | - | Rosemary Gigi Pazhayamkottil | Kuninji |

## Paingotoor Forane

| | | | |
|---|---|---|---|
| First | - | Biji George Edathala | Kulappuram |
| Second | - | Kochurani Tomy Adukuzhiyil | Paingottoor |
| Third | - | Shiny JoyVettukallel | Pothanikad |

## Muvattupuzha Forane

| | | | |
|---|---|---|---|
| First | - | Siji Raju Kuzhikandathil | Karakkunnam |
| Second | - | Binu Sebastain Pallichankudiyil | Karakkunnam |
| Third | - | Lissy Jacob Kanaparambil | Randar |

## Mailacombu Forane

| | | | |
|---|---|---|---|
| First | - | Beena George Palakkattu | Perumpillichira |
| Second | - | Rakhi Alex Chittilappilly | Kaloor |
| Third | - | Santy Baby Parunthaniyil | Kaloor |

## Karimannoor Forane

| | | | |
|---|---|---|---|
| First | - | Jilcy Sony Parayannilam | Karimannoor |
| Second | - | Sunitha Joy Maniyathil | Cheenikkuzhy |
| Third | - | Siji Renny Mathalikunnel | Karimannoor |

## Vazhakulam Forane

| | | | |
|---|---|---|---|
| First | - | Rose Mary Cessal Kainickal | Bethlehem |
| Second | - | Meenu Rajesh Palliparambil | Kadalikkad |
| Third | - | Grace Varghese Puthirickal | Kalloorkkad |
| Third | - | Rejisha George Nedungattu | Kavakkad |

*Director*

# യുവദീപ്തി

### *YD 18/2020* Task Force

കോവിഡ് 19 സമൂഹവ്യാപനം ഉണ്ടായാൽ സന്നദ്ധപ്രവർത്തന ത്തിനു സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങളെ ഏകോപിപ്പിക്കുന്നതിനായി രൂപതാ - ഫൊറോനായൂണിറ്റ് തലങ്ങളിൽ task force (സന്നദ്ധസേന) ഇതിനോടകം രൂപീകൃതമായിട്ടുണ്ട്. ഓരോ ഫൊറോനയിൽ നിന്നും ടാസ്ക് ഫോഴ്സിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മൂന്ന് ഭാരവാഹികളും രൂപ താഭാരവാഹികളും ചേർന്നുള്ള ഒരു സംയുക്ത യോഗം 07-06-2020-ൽ ഡിജിറ്റൽ പ്ലാറ്റ് ഫോമിൽ നടത്തുകയുണ്ടായി. ഫൊറോന-യൂണിറ്റ് തല ങ്ങളിൽ ടാസ്ക് ഫോഴ്സിന്റെ ഫോളോ അപ്പ് നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### *YD 19/2020* ഓൺലൈൻ കലോത്സവം - ഉത്സവ് 2020

മൂന്ന് വർഷത്തിൽ ഒരിക്കൽ നടത്തി വരുന്ന രൂപതാകലോത്സവം ഉത്സവ് -2020 ഈ ലോക്ഡൗൺ കാലത്ത് ഓൺലൈനായി നടത്ത പ്പെട്ടു. ടിക് ടോക്, മലയാളം പ്രസംഗം, മോണോ ആക്ട്, ലളിതഗാനം, യുവദീപ്തി ആന്തം എന്നിവയായിരുന്നു മത്സരയിനങ്ങൾ. ഓൺലൈൻ കലോത്സവം വിജയകരമാക്കി തീർത്ത എല്ലാ യുവജനസുഹൃത്തു ക്കൾക്കും കലോത്സവ നടത്തിപ്പിൽ പിന്തുണയുമായി കൂടെ നിന്ന ബഹുമാനപ്പെട്ട ഡയറക്ടറച്ചന്മാർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ഫൊറോന - യൂണിറ്റ് ഭാരവാഹികൾ എന്നിവരോടും മൂല്യനിർണ്ണയത്തിന് സഹാ യിച്ചവരോടും ഹൃദയത്തിന്റെ ഭാഷയിൽ നന്ദിയർപ്പിക്കുന്നു. മത്സര ത്തിന്റെ ഫലം ഉടൻതന്നെ പ്രഖ്യാപിക്കുന്നതാണ്.

### *YD 20/2020* ചാവറ ഓൺലൈൻ ക്വിസ്

സി.എം.സി പാവനാത്മാ പ്രോവിൻസും യുവദീപ്തി - കെ.സി. വൈ.എം. കോതമംഗലം രൂപതയും സംയുക്തമായി സംഘടിപ്പിച്ച ചാവറ ഓൺലൈൻ ക്വിസിൽ 158 പേർ പങ്കെടുത്തു. മൂന്നു ഘട്ടങ്ങളി ലായിട്ടാണ് മത്സരം നടത്തപ്പെട്ടത്. 24-05-2020-ൽ നടന്ന ഒന്നാംഘട്ട മത്സരത്തിൽ നിന്നും അടുത്ത ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത് 95 പേരായിരുന്നു. 31-05-2020 -ൽ നടന്ന രണ്ടാംഘട്ടത്തിൽ നിന്നും 60 പേർ ഫൈനൽ റൗണ്ടിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. 07-06-2020-ൽ നടന്ന ഫൈനൽ റൗണ്ടിലെ വിജയികൾ താഴെ പറയുന്നവരാണ്.

ഒന്നാം സ്ഥാനം - ദീപ്തി ജോസഫ്, ആലക്കോട്
രണ്ടാം സ്ഥാനം - എൽസീന തോമസ്, ആലക്കോട്
മൂന്നാം സ്ഥാനം - നേഹ ബന്നി, നെയ്യശ്ശേരി

കൂടാതെ ആദ്യത്തെ 15 സ്ഥാനങ്ങളിൽ എത്തിയ മത്സരാർത്ഥികൾ പ്രോത്സാഹന സമ്മാനങ്ങളും കരസ്ഥമാക്കി.

*YD 21/2020* **We for Save**

രക്തദാനം മഹാദാനം എന്ന ആശയത്തെ മുൻനിർത്തി നമ്മുടെ രൂപതയിൽ പ്രവർത്തിച്ചുവരുന്ന We for Save Blood Donation Cell -ന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു. ബ്ലഡ് ഡൊണേഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി രൂപതാ ട്രഷറർ സെബിൻ ആന്റണി, വൈസ് പ്രസിഡന്റ് മാത്യു പോൾ എന്നിവരെ തിരഞ്ഞെടുത്തു. ബ്ലഡ് ഡൊണേഷൻ പ്രവർത്തനങ്ങളോട് സഹകരിക്കുന്ന ഏവർക്കും നന്ദി പറയുന്നതിനോടൊപ്പം തുടർന്ന് ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

*YD 22/2020* **ഹരിതം പദ്ധതി**

സംസ്ഥാന സമിതിയുടെ 'ഹരിതം' പദ്ധതിയോട് ചേർന്ന് നമ്മുടെ രൂപതയിൽ നടത്തപ്പെടുന്ന ജൈവകൃഷി കിറ്റ് വിതരണം ഏവരും അറിഞ്ഞു കാണുമല്ലോ. യുവജനങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെടുന്ന ഹരിതം പദ്ധതി വളരെ മികച്ച രീതിയിൽ മുന്നോട്ടു പോകുന്നു. സഹകരിച്ച എല്ലാ ഡയറക്ടറച്ചന്മാർക്കും ആനിമേറ്റേഴ്സിനും എല്ലാ യുവജന സുഹൃത്തുക്കൾക്കും രൂപത സമിതിയുടെ നന്ദി.

*Director*

# കത്തോലിക്കാ കോൺഗ്രസ്

*CC .9 /2020* **നിൽപ് സമരം**

കർഷകരുടെ വിവിധ ആവശ്യങ്ങൾ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നിൽപ് സമരം നടത്തി.

2020 ജൂൺ മാസം 4-ാം തീയതി രാവിലെ 10 മണി മുതൽ 11 മണിവരെ കോതമംഗലം രൂപതയിലെ വിവിധ കേന്ദ്ര- സംസ്ഥാന ഓഫീസുകളുടെ മുമ്പിലാണ് നിൽപ് സമരം നടത്തിയത്. ഇപ്പോഴത്തെ സാഹ

ചരൃത്തിൽ സർക്കാർ നിബന്ധനകൾ പാലിച്ച്, സാമൂഹിക അകലം പാലിച്ച്, ഒരു സ്ഥലത്ത് 5 പേർ വീതമാണ് സമരം നടത്തിയത്.

കോതമംഗലം രൂപതയിലെ നിൽപ് സമരത്തിന്റെ ഉദ്ഘാടനം മൂവാറ്റുപുഴ ഹെഡ്പോസ്റ്റോഫീസിനു മുന്നിൽ രൂപതാ പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ട് ഉദ്ഘാടനം ചെയ്തു. കോതമംഗലം രൂപതയിൽ നാല്പതോളം സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള സമരങ്ങൾ നടത്തപ്പെട്ടു.

*CC 10 /2020* **പഠനോപകരണങ്ങൾ വിതരണം ചെയ്തു**

കോവിഡ് പ്രതിസന്ധി കാരണം സാധാരണ രീതിയിലുള്ള വിദ്യാഭ്യാസം ഇന്നത്തെ സാഹചര്യത്തിൽ സാധ്യമല്ലാത്തതിനാൽ, ഓൺലൈൻ വിദ്യാഭ്യാസമാണല്ലോ നടക്കുന്നത്. എന്നാൽ പഠനോപകരണങ്ങളുടെ അഭാവംമൂലം പഠനം സാധ്യമല്ലാത്ത പാവപ്പെട്ട കുട്ടികൾ ധാരാളമുണ്ട്.

കത്തോലിക്കാ കോൺഗ്രസ്സ് മൂവാറ്റുപുഴ ഹോളിമാഗി ഫൊറോന പള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴയിലെ നിർധനരായ 5 കുട്ടികൾക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിന് ആവശ്യമായ സ്മാർട്ട് ടിവി വിതരണം ചെയ്തു. മൂവാറ്റുപുഴ ഈസ്റ്റ് ഹൈസ്കൂൾ, ലിറ്റിൽ ഫ്ളവർ സ്കൂൾ, നിർമ്മല ഹൈസ്കൂൾ എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കാണ് ടിവി വിതരണം ചെയ്തത്.

16-06-2020 രാവിലെ 11 മണിക്ക് മൂവാറ്റുപുഴ ലിറ്റിൽഫ്ളവർ സ്കൂളിൽ കത്തോലിക്കാ കോൺഗ്രസ് രൂപത പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് മൂവാറ്റുപുഴ ഹോളിമാഗി പള്ളിവികാരി റവ. ഫാ. പോൾ നെടുമ്പുറമാണ് ടിവികൾ വിതരണം ചെയ്തത്. ഗുണഭോക്താക്കളായ കുട്ടികൾ, അവരുടെ മാതാപിതാക്കൾ, ഈസ്റ്റ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ പി.എം. ഹരിദാസൻ, എൽ.എഫ്. സ്കൂൾ ഹെഡ്മിസ്ട്രസ് സി. ഷൈനി, നിർമ്മല ഹൈസ്കൂൾ പ്രിൻസിപ്പാൾ, ഫാ. ആന്റണി പുത്തൻകുളം, കത്തോലിക്കാ കോൺഗ്രസ് നേതാക്കളായ അഡ്വ. ജോസ് ഇലഞ്ഞിക്കൽ, അഡ്വ. പോൾ ജോസഫ് കളത്തൂർ, ജോജോ വടക്കേവീട്ടിൽ, ലാസ്സർ കുമ്പളംചോട്ടിൽ, ജോസ് വർഗീസ് പറമ്പൻ, തോമസ് കരുമാക്കിൽ, ജോസ് കാക്കുചിറ, രാജേഷ് പടന്നമാക്കിൽ, വിവിധ സ്കൂളുകളിലെ അദ്ധ്യാപകർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

*Director*

# അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 8/2020*

- കൊറോണ ബാധിതർക്ക് വേണ്ടി എല്ലാ അംഗങ്ങളും യൂണിറ്റ് തിരിച്ചു chain rosary നടത്തി.
- Lock down നിമിത്തം തൊഴിൽ നഷ്ടപ്പെട്ട് നിർധനരായ 16 SFO യൂണിറ്റുകളിലെ 20 ഓളം കുടുംബങ്ങൾക്ക് ധനസഹായം നൽകി.
- Lock down മൂലം മുടങ്ങിയ മൂവാറ്റുപുഴ താലൂക്ക് ആശുപത്രിയിലേ ഭക്ഷണ വിതരണം പുനരാരംഭിച്ചു.
- പുതുക്കിയ രൂപത SFO രജിസ്റ്റർ തയാറാക്കുന്നതിന്റെ ഭാഗമായി യൂണിറ്റ് തല രജിസ്റ്റർ എല്ലാ യൂണിറ്റിലും എത്തിച്ചു നൽകി.
- മൂന്നു വർഷം SFO കോതമംഗലം രൂപതയുടെ Spiritual Director (Spiritual assistant to SFO) ആയി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച Rev. Fr. Xavier Karuvelikonam അച്ചന് മിഷൻ സേവനത്തിന് നിയോഗിക്കപ്പെട്ട സന്ദേശം ലഭിച്ചു. ബഹു. Xavier അച്ചന് എല്ലാ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു. പകരം നിയുക്ത വൈദികനെ സംബന്ധിച്ച അറിയിപ്പ് പ്രോവിൻസിൽ നിന്നും ലഭിക്കാൻ കാത്തിരിക്കുന്നു.

Director

# കേരള ലേബർ മൂവ്മെന്റ്

*KLM 13/2020* **ആരോഗ്യ സുരക്ഷ – സൗജന്യ ഇൻഷ്വറൻസ്**

കേരളാ ലേബർ മൂവ്മെന്റ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ കൂടുതൽ കഷ്ടതയനുഭവിക്കുന്ന പാലിയേറ്റീവ് രോഗികൾക്ക് കെ.എൽ.എം നടത്തിപ്പോരുന്ന പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സാസഹായം ഒരുക്കുന്നു.

*KLM 14/2020* **ഭക്ഷ്യ സുരക്ഷ – വിഷരഹിത പച്ചക്കറി ഉല്പാദനം**

പാലിയേറ്റീവ് രോഗികളുടെ കുടുംബത്തിന് പച്ചക്കറി ഉല്പാദനത്തിന് ആവശ്യമായ സൗജന്യ പച്ചക്കറി ഉല്പാദന കിറ്റുകൾ വിതരണംചെയ്യുന്നു. വിഷരഹിത പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാൻ ലക്ഷ്യംവച്ചുള്ള പദ്ധതിയാണിത്.

Director

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Thanikunnel Alex | **July** | 9 |
| " | Kachiramattom Kuriakose | " | 15 |
| " | Kodakallil Kuriakose | " | 15 |
| " | Njaloor Cyriac | " | 15 |
| " | Aikkaramattam James | " | 25 |
| " | Arackal James | " | 25 |
| " | Choorathottiyil James | " | 25 |
| " | Ezhanikatt James | " | 25 |
| " | Kakkuzhi James | " | 25 |
| " | Kalapurackal Jacob | " | 25 |
| " | Kalapurayil James | " | 25 |
| " | Karakompil James | " | 25 |
| " | Mannathukaran Jacob | " | 25 |
| " | Mundolickal James | " | 25 |
| ". | Panachickal James | " | 25 |
| " | Puthiyedath Jacob | " | 25 |
| " | Rathappillil Jacob | " | 25 |
| " | Thalappillil Jacob | " | 25 |
| " | Thayyil James | " | 25 |
| " | Vadakekudy James | " | 25 |
| " | Vadakel James | " | 25 |
| " | Vadakumparambil Jacob | " | 25 |
| " | Vararappally James | " | 25 |
| " | Vattappallil Jacob | " | 25 |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് പ്ലാത്തോട്ടം | ചരമദിനം | 01-08-1970 |
| ഫാ. ജോസഫ് എടപ്പാട്ടുകാവുങ്കൽ | " | 06-08-2003 |
| ഫാ. വർഗീസ് നമ്പ്യാപറമ്പിൽ | " | 07-08-1994 |
| ഫാ. ജോസഫ് കോയിക്കക്കുടി (Sr.) | " | 07-08-2002 |
| ഫാ. ജോർജ്ജ് എടാട്ടേൽ | " | 16-08-2010 |
| ഫാ. ജേക്കബ് തേവർപാടം | " | 18-08-2008 |
| ഫാ. മാത്യു മാതേയ്ക്കൽ | " | 25-08-1984 |
| ഫാ. ജോസ് കോടമുള്ളിൽ | " | 28-08-2015 |
| ഫാ. സഖറിയാസ് പിട്ടാപ്പിള്ളിൽ | " | 31-08-2000 |

# മോൺ. ജോർജ് ഓലിയപ്പുറം



ജനനം : 10–01–1945
പൗരോഹിത്യം : 19–12–1971 – റോം

കോതമംഗലം കത്തീഡ്രൽ ഇടവകാംഗമായ പെരി. ബഹു. ഓലിയപ്പുറം ജോർജ് (Jr) അച്ചൻ 1945–ൽ ജനിച്ചു. കോതമംഗലം മൈനർ സെമിനാരി, തിരുച്ചിറപ്പിള്ളി സെന്റ് പോൾ മേജർ സെമിനാരി, റോമിലെ പ്രോപ്പഗാന്ത കോളേജ് എന്നിവിടങ്ങളിലെ വൈദിക പരിശീലനത്തിനുശേഷം 1969 മെയ് മൂന്നിന് കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ നിന്നും റോമിൽ വച്ച് പൗരോഹിത്യപട്ടം സ്വീകരിച്ച ബഹു. ജോർജച്ചൻ 1969 നവംബർ മുതൽ മുതലക്കോടം പള്ളി അസ്തേന്തിയായി സേവനം ആരംഭിച്ചു. അഭിവന്ദ്യ പോത്തനാമൂഴി പിതാവിന്റെ സെക്രട്ടറി, മിഷൻലീഗ്, കാത്തലിക് സ്റ്റുഡൻസ് ലീഗ്, സോഷ്യൽ സർവ്വീസ്, പൊന്തിഫിക്കൽ മിഷൻ സംഘടന കൾ എന്നിവയുടെ രൂപതാഡയറക്ടർ മുതലായ സ്ഥാനങ്ങൾ വഹിച്ചതിനു ശേഷം ഉപരിപഠനത്തിനായി റോമിലേക്ക് പോയി. റോമിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റു നേടിയ ശേഷം അസി. ചാൻസിലർ, ചാൻസിലർ, മതബോധന ഡയറക്ടർ, വാഴക്കുളംപള്ളി വികാരി, ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ്, ആലുവ മംഗലപ്പുഴ സെമിനാരി റെക്ടർ, ദീപിക ഡയറക്ടർ ബോർഡ് മെമ്പർ, ബൈബിൾ അപ്പോസ്തലേറ്റ് രൂപതാ ഡയറക്ടർ, AKCC രൂപതാ ഡയറക്ടർ, മൂവാറ്റുപുഴ, ആരക്കുഴ, മുതലക്കോടം എന്നീ പള്ളികളുടെ വികാരി, രൂപതാ ആലോചന സമിതി അംഗം, വൈദിക സമിതി അംഗം, സിഞ്ചെല്ലൂസ്, പ്രോട്ടോസിഞ്ചെല്ലൂസ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. പ്രശസ്തനായ ധ്യാനഗുരുവും വാഗ്മിയുമായ ബഹു. ജോർജച്ചന്റെ സേവനങ്ങളെ വിലമതിച്ചുകൊണ്ട് സീറോ മലബാർ സഭ വൈദികരത്നം ബഹുമതി നൽകി ആദരിച്ചു. ബഹു. ജോർജ് ഓലിയ പ്പുറം അച്ചന്റെ സമാനതകളില്ലാത്ത ശുശ്രൂഷകൾക്ക് രൂപതാ കുടുംബ ത്തിന്റെ നന്ദിയും സ്നേഹവും ആശംസിക്കുന്നു. തുടർന്നുള്ള ജീവിത ത്തിന്റെ എല്ലാവിധ നന്മകളും ആയുരാരോഗ്യവും ദൈവാനുഗ്രഹവും പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

# റവ. ഫാ. ജോസഫ് അടപ്പൂർ



ജനനം : 02–09–1944 – വെട്ടിമറ്റം

പൗരോഹിത്യം : 21–12–1969 – തൊടുപുഴ ടൗൺ പള്ളി

കോതമംഗലം മൈനർ സെമിനാരി, കോട്ടയം വടവാതൂർ മേജർ സെമിനാരി എന്നിവിടങ്ങളിൽ വൈദികപരിശീലനം പൂർത്തിയാക്കി 1969 ഡിസംബർ 21–ന് പൗരോഹിത്യ പട്ടം സ്വീകരിച്ച ബഹു. ജോസഫ് അച്ചൻ 21–03–1970 മുതൽ നാകപ്പുഴ പള്ളി അസ്തേന്തിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. തുടർന്ന് കല്ലൂർക്കാട്, വടകോട് പള്ളികളിൽ അസ്തേന്തിയായും, കുത്തുപാറ, പനംകുട്ടി, കീരിത്തോട്, ചെപ്പുകുളം, പാറപ്പുഴ, ചിറ്റൂർ, ചിലവ്, നാടുകാണി, നെടിയകാട്, നാകപ്പുഴ, മുതലക്കോടം എന്നീ പള്ളികളിൽ വികാരിയായും വളരെ നിസ്വാർത്ഥമായ ശുശ്രൂഷ ചെയ്യുകയുണ്ടായി. ജനങ്ങളോട്, പ്രത്യേകമായി പാവങ്ങളോടു കരുതലുള്ള നല്ലൊരു അജപാലകനായിട്ടാണ് എല്ലായിടത്തും ജനങ്ങൾ ബഹു. ജോസഫച്ചനെ കണ്ടിരുന്നത്. ചിലവ്, ഒറ്റല്ലൂർ എന്നീ ഇടവക ദൈവാലയങ്ങൾ മനോഹരമായി നിർമ്മിച്ചത് അദ്ദേഹമാണ്. വിശ്രമ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന സ്നേഹനിധിയായ ബഹു. അടപ്പൂർ ജോസഫ് അച്ചന് രൂപതാ കുടുംബത്തിന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു. തുടർന്നുള്ള ജീവിതത്തിൽ എല്ലാവിധ നന്മകളും ആയുരാരോഗ്യവും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

# റവ. ഫാ. ഫ്രാൻസീസ് അത്തിക്കൽ



ജനനം : 27–10–1944 – കരിമണ്ണൂർ
പൗരോഹിത്യം: 20–12–1970 – മൂവാറ്റുപുഴ

കോതമംഗലം മൈനർ സെമിനാരി, ആലുവ കാർമ്മൽഗിരി മേജർ സെമിനാരി, ആലുവ മംഗലപ്പുഴ മേജർ സെമിനാരി എന്നിവിടങ്ങളിൽ വൈദിക പരിശീലനം പൂർത്തിയാക്കി 1970 ഡിസംബർ 20–ന് പൗരോഹിത്യപട്ടം സ്വീകരിച്ച ബഹു. ഫ്രാൻസീസ് അച്ചൻ 08–05–1971 മുതൽ നെടുങ്കണ്ടം, തൂക്കുപാലം, നാകപ്പുഴ, ആരക്കുഴ എന്നീ പള്ളികളിൽ അസ്തേന്തിയായും തുടർന്ന് മുക്കുടം, ശാന്തിഗ്രാം, തൊവരയാർ, എഴുകുംവയൽ, തോക്കുപാറ, കടവൂർ, തോപ്രാംകുടി, തങ്കമണി, ചിറ്റൂർ, കീരംപാറ എന്നീ പള്ളികളിൽ വികാരിയായും വളരെ സ്തുത്യർഹമായ ശുശ്രൂഷ ചെയ്തു. മുക്കുടം, തൊവരയാർ, തോക്കുപാറ, കടവൂർ എന്നീ ഇടവക ദൈവാലയങ്ങൾ ബഹു. ഫ്രാൻസീസ് അച്ചനാണ് മനോഹരമായി പുനർനിർമ്മിച്ചത്. വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്ന സ്നേഹനിധിയായ ബഹു. അത്തിക്കൽ ഫ്രാൻസീസ് അച്ചന് രൂപതാ കുടുംബത്തിന്റെ സ്നേഹവും നന്ദിയും അർപ്പിക്കുന്നു. ഇനിയുള്ള ജീവിതത്തിൽ എല്ലാവിധ നന്മകളും ആയുരാരോഗ്യവും ദൈവാനുഗ്രഹവും നേരുന്നു.

# റവ. ഫാ. ജോൺ ഇളഞ്ഞേടത്ത്



ജനനം : 25–06–1945 – നെല്ലിമറ്റം
പൗരോഹിത്യം: 22–12–1969 – നെല്ലിമറ്റം

നെല്ലിമറ്റം ഇടവകയിൽ 25–06–1945 –നു ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കോതമംഗലം മൈനർ സെമിനാരി, കോട്ടയം, വടവാതൂർ മേജർ സെമിനാരി എന്നിവിടങ്ങളിൽ വൈദിക പരിശീലനം പൂർത്തിയാക്കി 1972 ഡിസംബർ 18–ന് പൗരോഹിത്യം സ്വീകരിച്ചു. 27–03–1973 മുതൽ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ച ബഹു. അച്ചൻ കല്ലൂർക്കാട്, രാജാക്കാട് എന്നീ പള്ളികളിൽ അസ്തേന്തിയായിരുന്നു. തോപ്രാംകുടി, ഈട്ടിത്തോപ്പ്, പാണ്ടിപ്പാറ, എഴുകുംവയൽ, വിമലഗിരി, തൊമ്മൻകുത്ത്, പാറത്തോട്, പെരുമണ്ണൂർ, ആയവന, നെടിയശാല, കൂമ്പൻപാറ, തൊടുപുഴ, പെരിങ്ങഴ, പരീക്കണ്ണി, പോത്താനിക്കാട്, മൈലക്കൊമ്പ്, പെരുമ്പല്ലൂർ, കരിമണ്ണൂർ, രണ്ടാർ എന്നീ ഇടവകകളിൽ വികാരിയായും വിമലഗിരി എസ്റ്റേറ്റ് മാനേജർ എന്നീ നിലകളിലും ശുശ്രൂഷ ചെയ്യുകയുണ്ടായി. കൂമ്പൻപാറ, പാണ്ടിപ്പാറ, പെരിങ്ങഴ, പോത്താനിക്കാട്, പെരുമ്പല്ലൂർ എന്നീ പള്ളികളുടെ പുനർനിർമ്മാണം മനോഹരമായി നിർവഹിച്ച ബഹു. ജോണച്ചൻ രൂപതാ കൺസ്ട്രക്ഷൻ കമ്മറ്റി അംഗവുമാണ്. എല്ലാവരോടും ശാന്തതയോടെ പെരുമാറുന്ന ബഹു. ജോണച്ചന് ജനങ്ങളുടെ സഹകരണം എപ്പോഴും ഉണ്ടായിരുന്നു. ത്യാഗനിർഭരമായ ശുശ്രൂഷയ്ക്കുശേഷം വിശ്രമജീവിതത്തലേക്ക് പ്രവേശിക്കുന്ന ബഹു. ജോണച്ചന് രൂപതാ കുടുംബത്തിന്റെ പേരിൽ സ്നേഹാദരവുകളും നന്ദിയും അർപ്പിക്കുന്നതോടൊപ്പം എല്ലാവിധ നന്മകളും ആയുരാരോഗ്യവും ദൈവാനുഗ്രഹങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

# റവ. ഫാ. ജോസഫ് നെല്ലിക്കുന്നേൽ



**ജനനം : 23–03–1947–ആരക്കുഴ**

**പൗരോഹിത്യം: 19–10–1970–പൂനെ, പേപ്പൽ സെമിനാരി**

കോതമംഗലം മൈനർ സെമിനാരി, പൂനെ പേപ്പൽ സെമിനാരി എന്നിവിടങ്ങളിൽ വൈദികപരിശീലനം പൂർത്തിയാക്കി 1970 ഒക്ടോബർ 19–ന് പൗരോഹിത്യപട്ടം സ്വീകരിച്ച ബഹു. ജോസഫ് നെല്ലിക്കുന്നേലച്ചൻ 08–05–1971 മുതൽ വാഴക്കുളം, കലയന്താനി, മൂവാറ്റുപുഴ എന്നീ പള്ളികളിൽ അസ്തേന്തിയായി തന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. തുടർന്ന് കാന്തിപ്പാറ, കോലടി, പെരുമ്പല്ലൂർ, കോടിക്കുളം, ഞാറക്കാട്, കാവക്കാട്, ഏഴല്ലൂർ എന്നീ പള്ളികളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. മനില യൂണിവേഴ്സിറ്റിയിൽ നിന്നും സൈക്കോളജിയിൽ ഡോക്ടറേറ്റു നേടിയ അച്ചൻ 1993 മുതൽ കുറെക്കാലത്തേക്ക് രൂപതാ കൗൺസലിംഗ് സെന്റർ ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്. കൂടാതെ രൂപതാ മൈനർ സെമിനാരിയിൽ സൈക്കോളജി അധ്യാപകനായും ബഹു. ജോസഫ് അച്ചൻ നല്കിയ ശുശ്രൂഷയെ പ്രത്യേകം അനുസ്മരിക്കേണ്ടതാണ്. വിവിധ മേഖലകളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചശേഷം വിശ്രമജീവിതത്തിലേക്കു പ്രവേശിക്കുന്ന ബഹു. ജോസഫ് നെല്ലിക്കുന്നേലച്ചന് രൂപതാകുടുംബത്തിന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു. തുടർന്നുള്ള ജീവിതത്തിൽ എല്ലാവിധ നന്മകളും ആയുരാരോഗ്യവും ദൈവാനുഗ്രഹവും നേരുന്നു.

# റവ. ഫാ. ജോർജ്ജ് നിരപ്പത്ത്



ജനനം : 30–12–1944 – അരിക്കുഴ

പൗരോഹിത്യം : 19–12–1971 – വാഴക്കുളം

കോതമംഗലം മൈനർ സെമിനാരി, ആലുവ മേജർ സെമിനാരി എന്നിവിടങ്ങളിൽ വൈദികപരിശീലനം പൂർത്തിയാക്കി 1971 ഡിസംബർ 19–ന് പൗരോഹിത്യ പട്ടം സ്വീകരിച്ച ബഹു. ജോർജ്ജ് നിരപ്പത്തച്ചൻ 16–03–1972 മുതൽ രാജാക്കാട്, ഉപ്പുതോട്, രാജമുടി, തങ്കമണി എന്നീ പള്ളികളിൽ അസ്തേന്തിയായി തന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. തുടർന്ന് ചുരുളി, ആല്പാറ, കീരിത്തോട്, മാങ്കുളം, ആനക്കുളം, മാലിപ്പാറ, ജോസ്ഗിരി, ചിലവ്, പൂയംകുട്ടി, വിമലഗിരി, വാഴവര, കാളിയാർ, കടവൂർ, കല്ലാനിക്കൽ, നെടുങ്ങപ്ര, ആനിക്കാട്, കലയന്താനി, നെയ്യശ്ശേരി എന്നീ പള്ളികളിൽ സ്തുത്യർഹമായ ശുശ്രൂഷയാണ് ചെയ്തിട്ടുള്ളത്. വളരെ നിഷ്ഠയോടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനും ഏൽപ്പിക്കപ്പെട്ടിരുന്ന ഇടവകകളുടെ ആത്മീയവും ഭൗതീകവുമായ ഉന്നമനത്തിനായി ശ്രദ്ധാപൂർവം ശുശ്രൂഷ ചെയ്യുന്നതിനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. വിശ്രമജീവിതത്തിലേക്കു പ്രവേശിക്കുന്ന ബഹു. ജോർജ്ജ് നിരപ്പത്തച്ചന് രൂപതാകുടുംബത്തിന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു. തുടർന്നുള്ള ജീവിതത്തിൽ എല്ലാവിധ നന്മകളും ആയുരാരോഗ്യവും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

# റവ. ഫാ. ജോസഫ് പറയന്നിലം



ജനനം : 29–01–1945 – കരിമണ്ണൂർ

പൗരോഹിത്യം: 29–12–1968 – കരിമണ്ണൂർ

കോതമംഗലം മൈനർ സെമിനാരി, ആലുവ മംഗലപ്പുഴ മേജർ സെമിനാരി എന്നിവിടങ്ങളിൽ വൈദികപരിശീലനം പൂർത്തിയാക്കി 1968 ഡിസംബർ 29–ന് പൗരോഹിത്യപട്ടം സ്വീകരിച്ച ബഹു. ജോസഫ് അച്ചൻ 28–03–1969–ൽ വാഴക്കുളം പള്ളിയിൽ അസ്തേന്തിയായി നിയമിതനായി. തുടർന്ന് കാന്തിപ്പാറ, സ്ലീവാമല–കരിമല, രണ്ടാർ, മുള്ളരിങ്ങാട്, മുട്ടുകാട്, കുഞ്ചിത്തണ്ണി, ഇഞ്ചത്തൊട്ടി, പൂയംകുട്ടി, ശാന്തിഗ്രാം, പെരിഞ്ചാംകുട്ടി, കാവക്കാട്, പള്ളിയ്ക്കാമുറി, വടകോട്, നടുക്കര, മുക്കുടം, മങ്കുവ, കുത്തുപാറ, മണിയാറൻകുടി എന്നി പള്ളികളിൽ വികാരിയായും, ഇടുക്കി മാർ എഫ്രേം മൈനർ സെമിനാരിയിൽ സ്പിരിച്വൽ ഡയറക്ടറായും ശുശ്രൂഷ ചെയ്തതി നുശേഷം വിശ്രമജീവിതത്തിലേക്ക് പ്രവേശക്കുന്ന ബഹു. പറയന്നിലം ജോസഫ് അച്ചന് രൂപതാകുടുംബത്തിന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു. ഇപ്പോൾ ഏഴുമുട്ടം താബോർ ധ്യാനകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരി ക്കുന്ന ബഹു. ജോസഫ് അച്ചന് ഇനിയുള്ള ജീവിതത്തിൽ എല്ലാവിധ നന്മകളും ആയുരാരോഗ്യവും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

# റവ. ഫാ. ജയിംസ് വടക്കേൽ



ജനനം : 12–09–1944 – കരിമണ്ണൂർ

പൗരോഹിത്യം : 21–12–1969 – കരിമണ്ണൂർ

കോതമംഗലം മൈനർ സെമിനാരി, വടവാതൂർ മേജർ സെമിനാരി എന്നിവിടങ്ങളിൽ വൈദികപരിശീലനം പൂർത്തിയാക്കി 1969 ഡിസംബർ 21–ന് പൗരോഹിത്യ പട്ടം സ്വീകരിച്ച ബഹു. ജെയിംസ് വടക്കേലച്ചൻ 21–03–1970 മുതൽ പാറത്തോട്, രാജക്കാട് എന്നീ പള്ളികളിൽ അസ്തേന്തിയായി തന്റെ പൗരോഹിത്യശുശ്രൂഷ ആരംഭിച്ചു. തുടർന്ന് സ്ലീവാമല, മങ്കുവാ, പൂമാംകണ്ടം, രാജപുരം, ആലക്കോട്, പൊന്നന്താനം എന്നീ പള്ളികളിൽ വികാരിയായി സേവനം ചെയ്തതിനുശേഷം അഞ്ച് വർഷത്തോളം അമേരിക്കയിൽ ചിക്കാഗോ, ബിസ്മാർക്ക് എന്നീ രൂപതകളിൽ ആത്മീയശുശ്രൂഷ ചെയ്യുകയുണ്ടായി. അവിടെനിന്നും തിരിച്ചുവന്നതിനുശേഷം ചിറ്റൂർ, പുന്നമറ്റം, തലയനാട്, നേര്യമംഗലം, വാഴക്കാല, കോട്ടപ്പടി, തോട്ടക്കര, ഞായപ്പിള്ളി, മേക്കടമ്പ്, മാതിരപ്പിള്ളി, വെട്ടിമറ്റം, തെന്നത്തൂർ എന്നീ പള്ളികളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. വൈദികസമിതി അംഗമായി രൂപതയിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന ഒരു വാഗ്മിയും ധ്യാനപ്രസംഗകനുമായ ബഹു. ജയിംസച്ചൻ അഗതികളെയും നിരാലംബരായ കുട്ടികളെയും സംരക്ഷിക്കുന്നതിനായി ആരംഭിച്ച സുവിശേഷാശ്രമത്തിൽ അവരെ പരിപാലിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും എപ്പോഴും സമയം കണ്ടെത്തുന്നു. ഔദ്യോഗികമായി വിശ്രമജീവിതത്തിലേക്കു പ്രവേശിക്കുന്ന ബഹു. ജയിംസ് വടക്കേലച്ചന് രൂപതാകുടുംബത്തിന്റെ സ്നേഹവും നന്ദിയും അറിയിക്കുകയും എല്ലാവിധ നന്മകളും ആയുരാരോഗ്യവും ദൈവാനുഗ്രഹവും ആശംസിക്കുകയും ചെയ്യുന്നു.

# റവ. ഫാ. ജോസ് വേങ്ങൂരാൻ



ജനനം : 17–02–1944 – കോതമംഗലം

പൗരോഹിത്യം: 22–12–1969 – കത്തീഡ്രൽ

കോതമംഗലം മൈനർസെമിനാരി, വടവാതൂർ മേജർ സെമിനാരി എന്നിവിടങ്ങളിൽ വൈദികപരിശീലനം പൂർത്തിയാക്കി 1969 ഡിസംബർ 22–ന് പൗരോഹിത്യപട്ടം സ്വീകരിച്ച ബഹു. ജോസ് വേങ്ങൂരാനച്ചൻ 21–03–1970 മുതൽ വെള്ളയാംകുടി, തൊവരയാർ എന്നീ പള്ളികളിൽ അസ്തേന്തിയായി തന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. തുടർന്ന് തൊവരയാർ, മുള്ളരിങ്ങാട്, കാവക്കാട്, തെന്നത്തൂർ, നെടുങ്ങപ്ര, രണ്ടാർ, കദളിക്കാട്, കോട്ടപ്പടി, മേക്കടമ്പ്, പെരിങ്ങഴ, തൊടുപുഴ ഈസ്റ്റ്, മൈലക്കൊമ്പ്, കാളിയാർ, മാലിപ്പാറ, മാറാടി, നെല്ലിമറ്റം, മൂവാറ്റുപുഴ നിർമ്മലമാതാ എന്നീ പള്ളികളിൽ വികാരിയായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. കൂടാതെ ജീവജ്യോതി ഡയറക്ടർ, ന്യൂമൻ കോളേജ് ബർസാർ എന്നീ മേഖലകളിലും ശുശ്രൂഷ ചെയ്തിട്ടുണ്ട്. എല്ലാവരോടും ഹൃദ്യമായ ബന്ധം സൂക്ഷിക്കാൻ ശ്രമിക്കുന്ന നല്ലൊരു അജപാലകനാണ് വേങ്ങൂരാനച്ചൻ. വിശ്രമജീവിതത്തിലേക്കു പ്രവേശിക്കുന്ന ബഹു. ജോസ് വേങ്ങൂരാനച്ചന് രൂപതാകുടുംബത്തിന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു. തുടർന്നുള്ള ജീവിതത്തിൽ എല്ലാവിധ നന്മകളും ആയുരാരോഗ്യവും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

Deivarajyam July 2020

●R.N.7623/63

Registered No. KL/ALY/0020/2020-2022

Date of publication: 1/7/2020

●Posted at Thodupuzha Stg.

Annual Subscription ₹ 100.00



St. Thomas



Apostolates



Sts. Kuriakose & Julieta



St. Benedict



Our Lady of Mount Carmel



St. Jacob




St. Joachim & Anna



St. Alphonsa




St. Ignatius of Loyola

**Printed at Sanjo Offset Press, Kothamangalam**
**Printer & Publisher Rev. Dr. George Thekkekara**
**Bishop's House, Kothamangalam - 686 691**